UNIVERSITY LIBRARY
23 DEC 1953
MADRAS

പുസ്തകം 4. 1129 വൃശ്ചികം. ലക്കം 8.

# തുഞ്ചത്തെഴുത്തച്ഛൻ

## പ്രേമദർശനം

(ദേവർഷി നാരദവിരചിത ഭക്തിസൂത്രം)

(തുടർച്ച)

### പ്രേമരൂപമായ ഭക്തിയുടെ സാധനയും സൽസംഗത്തിൻെറ മഹിമയും

(വി. എൻ. പരമേശ്വരൻ നമ്പൂതിരി)

31. രാജഗൃഹഭോജനാദിഷു തഥൈവ ദൃഷ്ടത്വാത്.

രാജഗൃഹം ഭോജനം മുതലായവയിൽ അത്തരത്തിൽത്തന്നെ കാണപ്പെടുന്നു.

ഇതു മുമ്പു പറയപ്പെട്ട ഭക്തിയുടെ ഫലരൂപത്തെ മനസ്സിലാക്കുന്നതിന്നുവേണ്ടിയുള്ള ഒരു ഉദാഹരണമാണ്.

32. ന തേന രാജപരിതോഷഃ ക്ഷുധാശാന്തിർവ്വാ.

അതിനെ അറിയുന്നതുകൊണ്ടുമാത്രം രാജാവിൻെറ പ്രീതിയും വെശപ്പിൻെറ നാശവും ഉണ്ടാകുന്നില്ല.

കേവലം രാജഗൃഹത്തിൻെറ വർണ്ണന കേട്ടതു കൊണ്ടോ അറിഞ്ഞതുകൊണ്ടോ യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല. രാജാവു ധർമ്മാത്മാവാണ്; രൂപഗുണസമ്പന്നനാണ്; ശക്തിശാലിയാണ്; പ്രജാഹിതൈഷിയാണ്; ഈ വക സംഗതികളെ മനസ്സിലാക്കിയെന്നിരിക്കട്ടെ; എന്നാൽ ഇതുകൊണ്ടു എന്താണു പ്രയോജനം? ഈ അറിവുകൊണ്ടു രാജാവു അല്പമാത്രമെങ്കിലും പ്രസന്നനായിത്തീരുമോ? അതുപോലെതന്നെ, അമ്പലപ്പുഴ പാൽപ്പായസം വളരെ ഹൃദ്യമാണ്; അയ്യ! നെയ്യപ്പം തിന്നാൻ എന്തു

രസമാണ്; എന്നെല്ലാം കണക്കാക്കിയതുകൊണ്ടു വെളപ്പെടുന്നതല്ല. ഇതുപോലെ കേവലം ശബ്ദജ്ഞാനംകൊണ്ടു ഭഗവാൻ പ്രസന്നനായിത്തീരുന്നില്ല, നമുക്കു ശാന്തിയും ലഭിക്കുന്നില്ല. എങ്കിലും ഭഗവാനു എല്ലാം സമമാണ്. അദ്ദേഹത്തിന്റെ പ്രീതി ഭക്തികൊണ്ടു മാത്രമേ കിട്ടുകയുള്ളൂ. ആ ഭഗവാൻതന്നെ അരുളിച്ചെയ്യുന്നു:—

"സമോഹം സർവ്വഭൂതേഷു,
ന മേ ദ്വേഷ്യോസ്തി ന പ്രിയഃ;
യേ ഭജന്തി തു മാം ഭക്ത്യാ,
മയി തേ, തേഷു ചാപ്യഹം". (ഭഗവൽഗീത: 9-29)

"ഞാൻ എല്ലാ ജീവജാലങ്ങളിലും സമഭാവനയുള്ളവനാകുന്നു. എനിക്കു ശത്രുവില്ല, മിത്രവുമില്ല. എന്നാൽ എവർ എന്നെ ഭക്തിയോടുകൂടി ഭജിക്കുന്നുവോ അവർ എന്നിലും ഞാൻ അവരിലും ഇരിക്കുന്നു."

33. തസ്മാൽ സൈവ ഗ്രാഹ്യാ മുമുക്ഷുഭിഃ

അതുകൊണ്ടു് സംസാരസംബന്ധമായ ബന്ധനത്തിൽനിന്നു് മുക്തി നേടുവാനിച്ഛിക്കുന്നവർക്ക് ഭക്തിയെത്തന്നെ സ്വീകരിക്കാതെ നിർവ്വാഹമില്ല.

ഭക്തികൊണ്ടു് ഭവബന്ധനം അനായാസേന പൊട്ടിപ്പോകുന്നു. സാക്ഷാൽ ഭഗവാൻതന്നെ ഭക്തന്മാരുടെ പ്രേമത്തിന്നാധാരമായിത്തീർന്നു് അവരൊന്നിച്ചു് ദിവ്യലീലകളാടി രസിക്കുന്നു.

അതിദുർല്ലഭമായ കൈവല്യപദംപോലും
കൈവരും ഭഗവൽപ്രേമത്തിനു സമമാമോ!

ഉയർന്ന തരത്തിലുള്ള ഉപാസനകൾകൊണ്ടുകൂടി അത്ര നിഷ്പ്രയാസം കിട്ടാത്ത പൂർണ്ണമുക്തി ആവശ്യപ്പെടാതെത്തന്നെ ഭക്തനെ വന്നു് ബലാൽക്കാരമായി പിടികൂടുന്നു! എന്നാൽ ആ ഭക്തനാകട്ടെ

മുക്തിയെ നിരാകരിച്ചെപ്പോഴുമാശാവേശാൽ
ഭക്തിയെത്തിരഞ്ഞുഴന്നലയുന്നുലകെല്ലാം!

അയാൾ മുക്തി നില്ക്കുന്നഭാഗത്തേക്കു് കൺകോണുകൊണ്ടുകൂടി തിരിഞ്ഞുനോക്കുന്നില്ല. അങ്ങനെ സുലഭവും സർവ്വോപരിസ്ഥിതിരൂപവുമായ ഭക്തിയെ ഉപേക്ഷിക്കുകയാണെങ്കിൽ കഠിനസാധനകളല്ലസ്സം ബന്ധിച്ചേടത്തോളം എന്തായിരിക്കും ചെയ്യുക? അതുകൊണ്ടു ശ്രദ്ധാലുക്കളും ബുദ്ധിമാന്മാരുമായ ജനങ്ങൾ കേവലം ഭക്തിയെത്തന്നെ ഉപാസിക്കേണ്ടതാണ്.

സൂത്രം:—34. തസ്യാഃ സാധനാനി ഗായന്ത്യാ ചാര്യാഃ

ആചാര്യന്മാർ ആ ഭക്തിയുടെ സാധനയെക്കുറിച്ച് പ്രകീർത്തിച്ചുപറയുന്നു.

കർമ്മത്തിന്റേയും ജ്ഞാനത്തിന്റേയും അപേക്ഷ, ഭക്തിയുടെ ശ്രേഷ്ഠത എന്നിവയെക്കുറിച്ച് പ്രതിപാദിച്ചതിന്റെ ശേഷം ഇപ്പോൾ ദേവർഷി നാരദൻ ഭക്തിശാസ്ത്രത്തിന്റെ അനുഭവികളും ആചാര്യന്മാരും, അതുപോലെ സർവ്വ സംഗപരിത്യാഗികളും ഭക്തന്മാരും ആയ മഹാന്മാരാൽ പാടിപ്പുകഴ്ത്തുന്ന ആ ശ്രേഷ്ഠതമമായ ഭക്തിയുടെ ആചരണത്തെപ്പററി വർണ്ണിക്കുന്നു.

35. തത്തു വിഷയത്യാഗാത് സങ്ഗത്യാഗാച്ച.

ആ ഭക്തിയുടെ നിർവ്വഹണം വിഷയത്യാഗംകൊണ്ടും സംഗത്യാഗംകൊണ്ടും സമ്പന്നമായിത്തീരുന്നതാണ്.

ജീവികളുടെ മനസ്സിൽ സ്വാഭാവികമായിത്തന്നെ പ്രേമത്തിന്റെ ഒരു സ്രോതസ്സുണ്ട്. എന്തുകൊണ്ടെന്നാൽ ജീവൻ പരമാനന്ദസ്വരൂപനും പരമപ്രേമരൂപനുമായ ഭഗവാന്റെ സനാതനമായ ചിദംശം മാത്രമാണ്. എന്നാൽ വിഷയാഭിമുഖമായി ഒഴുകുന്നതുകൊണ്ട് ആ പ്രേമപ്രവാഹം കലുഷിതമായിപ്പോകുന്നു. അതിനാൽ ആ പ്രേമംതന്നെ ദുഃഖത്തെ ഉല്പാദിപ്പിക്കുന്ന കാമമായി പരിണമിക്കുന്നു. ഇതു കാരണം പരമാത്മാഭിമുഖമായ ദിവ്യത്വം പ്രകാശിക്കുന്നില്ല. പ്രേമത്തിന്റെ ദിവ്യസ്വരൂപം പ്രകാശിച്ചുകാണുവാൻ, അതിന്റെ വിഷയാഭിമുഖമായ ഗതിയെ പിന്തിരിപ്പിച്ച് ഈശ്വരാഭിമുഖമാക്കിത്തീർക്കേണ്ടതു് അവശ്യം ആവശ്യമാണ്. ഇതിന്നു് രണ്ടുപായമുണ്ട്: ഒന്നു് വിഷയസ്വരൂപത്യാഗം. രണ്ട് വിഷയാസക്തി ത്യാഗം. വിഷയങ്ങളിൽ അസക്തരായിരിക്കുമ്പോഴും യഥേഷ്ടം അമര്യാദിതവിഷയങ്ങളെ ഗ്രഹിക്കുകയും ഉപഭുജിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോഴും ഭഗവൽഭക്തി മാർഗ്ഗത്തിൽ വിഷയത്തിന്റേയും വിഷയാസക്തിയുടേയും ത്യാഗത്തിന്റെ യാതൊരാവശ്യകതയും ഇല്ലെന്നു് ചിലർ കണക്കാക്കുന്നുണ്ട്. അവർക്ക് വളരെ വലിയ തെററുപററിപ്പോയി. ഭക്തിവിഷയത്തിൽ തന്റെ അനുഭോഗത്തിന്നുവേണ്ടി ഒന്നുംതന്നെ ഉണ്ടായിരിക്കയില്ല. ഭോക്താവായി ആരുമില്ലെങ്കിൽ ഭോഗ്യവസ്തുക്കൾ എങ്ങനെ, എവിടെ ഉണ്ടാവും? ഇവിടെയാകട്ടെ ഏകമാത്ര പ്രാണധനനായ ഭഗവാൻതന്നെയാണ് സർവ്വഭോക്താവ്. നമ്മളും നമ്മുടെ സമസ്തഅംഗങ്ങളും എല്ലാ സാമഗ്രികളോടുകൂടി ഭഗവാന്റെ ഭോഗ്യമാകുന്നു. അദ്ദേഹം ഒരാൾ

മാത്രമാണ് പുരുഷൻ. മറെറല്ലാം അദ്ദേഹത്തിൻെറ ഭോഗ്യപ്രകൃതിയാണ്. ഇങ്ങനെയുള്ള അവസ്ഥയിൽ ഭക്തനു് തൻേറതായി യാതൊരു ഭോഗ്യവിഷയവും ഉണ്ടായിരിക്കുന്നതേയല്ല. 'ഇതു സാദ്ധ്യമാണ്'' എന്ന തോന്നലിനെക്കൂടി സാധനകാലത്തു് വിഷയങ്ങളുടേയും വിഷയാസക്തികളുടേയുംകൂടെ യഥാസാദ്ധ്യം ഉത്തരോത്തരം ത്യാഗംചെയ്യേണ്ടതാണ്. ശരീരം വിഷയഭോഗങ്ങളിലേപ്പെട്ടും, മനസ്സ് വിഷയങ്ങളിലാസക്തമായുമിരിക്കുന്നുവെങ്കിൽ പിന്നെ പ്രിയതമനായ ഭഗവാനെക്കുറിച്ചുള്ള സേവ ഏതൊരു ശരീരമനസ്സുകൾകൊണ്ടാണ് ചെയ്യുന്നതു്? അതുകൊണ്ടു വിഷയത്യാഗം അപരിഹാര്യമാണ്, ഭോഗങ്ങളെ ബാഹ്യമായി മാത്രം ഉപേക്ഷിക്കണം. എന്തുകൊണ്ടെന്നാൽ മനസ്സ് ഒരു വസ്തുവിനെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽത്തന്നെ ആസക്തി ഉണ്ടായിക്കൊണ്ടിരിക്കുമെന്നുള്ളതു് നിയമമാണ്. ഭഗവാൻ ശ്രീ ഭാഗവതത്തിൽ അരുളിച്ചെയ്തിട്ടുണ്ട്.

വിഷയങ്ങളെയോക്കുന്നോ-
ക്തിൽ ചിത്തം രമിച്ചിടും
എന്നെയോപ്പവർ തൻ ചിത്ത
മെന്നിലേ വിലയിച്ചിടും (11-14-27)

മനസ്സിനെ ഒരിടത്തുന്നിയാൽ അതു് അവിടെത്തന്നെ ഉറച്ചുപോകും. പക്ഷേ അതുറപ്പിക്കുന്നതു് ഇന്ദ്രിയങ്ങൾ വഴിക്കായിരിക്കണം എന്നു മാത്രം. നമ്മൾ വീണ്ടും വീണ്ടും ഒരു പ്രകാരത്തിലുള്ള കാഴ്ച കാണുകയും, ഒരു തരത്തിലുള്ള വാക്കു കേൾക്കുകയും, ഒരു വിധത്തിലുള്ള പദാർത്ഥം ഭക്ഷിക്കുകയും, ഒരുവിധത്തിലുള്ള സാധനത്തെ വാസനിക്കുകയും, അതുപോലെ ഒരു വസ്തുവിനെ സ്പർശിക്കുകയും, അതിനെക്കുറിച്ചുള്ള വിചാരത്തിൽ അടിക്കടി മുഴുകുകയും ചെയ്താൽ അതുകളിൽത്തന്നെ ആസക്തിയുണ്ടാവുന്നതു് സ്വാഭാവികമാണ്. നാടകം കാണുകയും, ഗണികമാരുടെ ഗാനം കേൾക്കുകയും ചെയ്യുമ്പോൾ അതുകളിൽ താല്പര്യം ജനിക്കുന്നു; ഭക്തലീലകൾ കാണുകയും കീർത്തനാലാപങ്ങൾ കേൾക്കുകയും ചെയ്യുമ്പോൾ അതുകളിലാസക്തിയുണ്ടാവുന്നു. അതുകൊണ്ടു് ഭക്തിയെ അഭിലഷിക്കുന്നവർ ഭഗവൽ പ്രതികൂലതമമായ എല്ലാ വിഷയങ്ങളേയും ത്യജിക്കേണ്ടതാണ്. വാസ്തവമാലോചിച്ചാൽ ഈ സൂത്രത്തിൽ പറയുന്ന വിഷയത്യാഗം നമ്മുടെ മനസ്സിനെ ഭഗവാനിൽനിന്നും പിടിച്ചുമാററുന്ന ഭോഗാദി വിഷയങ്ങളുടെ—പ്രപഞ്ചവിഷയങ്ങളിൽ

ലയിച്ചുകിടക്കുന്ന ആസക്തിയുടെ— ത്യാഗമാണെന്നറിഞ്ഞിരിക്കണം. ധ്യാനം, വിചിന്തനം, കീർത്തനം, ഭഗവൽസ്സേവ, സാധുസൽക്കാരം, സൽസ്സംഗം ആദിയായ ഭഗവദനുകൂലവിഷയങ്ങളിൽത്തന്നെ ദേഹം, മനസ്സ് മുതലായവയെ ആസക്തിയോടുകൂടി സംഘടിപ്പിക്കേണ്ടതാണ്. മററുള്ള വിഷയങ്ങളെ സംഗ്രഹിക്കുകയും, സേവിക്കുകയും ചെയ്യേണ്ടതു്, ശരീരസംരക്ഷക്കോ, കടുംബപോഷണത്തിന്നോ അവശ്യമാവശ്യമാണെങ്കിൽ അതുകളെക്കൂടി കഴിയുന്നതും വളരെ ചുരുങ്ങിയ അളവിൽ സംഗ്രഹിക്കുകയും സേവിക്കുകയും ചെയ്യേണ്ടതാണ്. അതുംകൂടി ശാസ്ത്രാനുസാരവും, അതുപോലെ ഈശ്വരകല്പനയാണെന്നു് മനസ്സിലാക്കിയും, മററൊന്നിൻേറയും ഫലാപേക്ഷക്കു് മനസ്സിൽ സ്ഥാനം കൊടുക്കാതേയും കേവലം ഈശ്വരപ്രീത്യർത്ഥവും ആയിരിക്കണം. ഇപ്രകാരം ചെയ്യുന്ന വിഷയസേവനം വിഷയത്യാഗത്തിന്നു തുല്യമായി കണക്കാക്കുന്നു. കേവലം ബാഹ്യമായി വിഷയത്തെ ത്യജിക്കുകയും, മനസ്സിൽ അതിൻേറ സ്മരണ വെച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ അതു് യഥാർത്ഥ ത്യാഗമാകുന്നില്ല. അതുകൊണ്ടു് സൂത്രത്തിൽ വിഷയത്യാഗത്തോടൊന്നിച്ചുതന്നെ ആസക്തി ത്യാഗത്തിൻേറ ആവശ്യകതകൂടി പറയപ്പെട്ടിട്ടുണ്ടു്. മഹാഭാരതത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"ത്യാഗഃ സ്നേഹസ്യ യത്ത്യാഗോ
വിഷയാണാം തഥൈവ ച." (ശാന്തിപർവ്വം 192-17)

"വിഷയം വിഷയാസക്തി എന്നിവയുടെ ത്യാഗത്തിന്നു മാത്രമാണ് ത്യാഗം എന്നു പറയുന്നതു്:"

അതുകൊണ്ടു് വിഷയാനുരാഗത്യാഗം ചെയ്തുകൊണ്ടിരിക്കുകയും വിഷയാനുരാഗരഹിതമായിരിക്കുകയും ചെയ്യുന്ന ഹൃദയം മാത്രമേ ഭഗവൽപ്രേമത്തിന്നു് ദിവ്യധാമമായിത്തീരുന്നുള്ളൂ. ഭഗവൽപ്രേമപ്രാപ്തിയുണ്ടായാൽ പിന്നെ വിഷയത്യാഗം സ്വാഭാവികമായി ഉണ്ടായിക്കൊള്ളും.

വിഷയങ്ങൾ മനതാരിൽക്കിടന്നു കളിച്ചീടും
വിഷയത്തിങ്കൽ ഭക്തിക്കായതിലിടമില്ല;
ഭക്തിമാനസെ വിളയാടീടും സമയത്തിൽ
ഭുക്തിയെത്തിനോക്കുന്നതില്ലങ്ങോട്ടൊരിക്കലും!

അമൃതിൻേറ സ്വാദു് അനുഭവിക്കുകയും, അതുകൊണ്ടുള്ള ഗുണവും, ലാഭവും നേടുകയും ചെയ്തതിന്നുശേഷം വിഷയത്തിലേക്കു്

ആരുടേയെങ്കിലും ദൃഷ്ടി ആശാരൂപത്തിൽ പതിഞ്ഞുപോകുന്നതാണോ! എന്നാൽ ആ അമൃതിന്റെ ലാഭത്തിന്നുവേണ്ടി, ദൃഷ്ടി അതിന്നഭിമുഖമായിത്തീരുന്നതിന്നുവേണ്ടി വിഷയവിഷത്യാഗം അവശ്യമാവശ്യമാണു്. വിഷയാസക്തിത്യാഗം ചെയ്തു ഭഗവാനിൽ ആസക്തനായിത്തീരുന്നതിൽത്തന്നെയാണു് പരമസുഖമിരിക്കുന്നതു്. ശ്രീഭഗവാനരുളിച്ചെയ്യുന്നു:—

"മയ്യർപ്പിതാത്മനഃ സഭ്യ
നിരപേക്ഷസ്യ സർവ്വതഃ
മയാ/ത്മനാ സുഖം യത്തൽ
കുതഃ സ്യാദ്വിഷയാത്മനാം."

(ശ്രീമൽഭാഗവതം 11-14-12)

"എന്നിൽ മനസ്സു് അർപ്പിക്കുന്നവരും, എല്ലാ വിഷയാപേക്ഷയേയും ഉപേക്ഷിക്കുന്നവരുമായ ഭക്തന്മാക്കു് ആത്മസ്വരൂപനായ എന്നിൽനിന്നു യാതൊരു പരമസുഖം കിട്ടുന്നുവോ ആ സുഖം വിഷയാസക്തചിത്തന്മാരായവക്കു് എവിടെനിന്നാണു് കിട്ടുവാൻ പോകുന്നതു്?"

## പൈങ്കിളിയോടു്

(കണ്ണത്തു് മാധവൻനായർ)

നീണാൾ ജയിക്ക പൊന്നോമനപ്പൈങ്കിളി,
നീണാൾ ജയിക്ക ശുകകുലോത്തംസമേ;
സംഭരിതാമൃതപൂർണ്ണമരതക—
കുംഭങ്ങളോലുമിക്കല്പവൃക്ഷങ്ങളിൽ.
വന്നു വസിച്ച നീ നൈമിശാരണ്യക—
നന്ദനവാസിനി, വിശ്വസം സേവിതേ,
നീലക്കരിമ്പിന്റെ നീരും ഗുളങ്ങളും
പാലുംമധുവും ഭുജിച്ചു മതിവരേ.
ക്ഷീണമശേഷമകന്നു നീ സോൽസുകം
ചേണെഴും ഗാനം തുടർന്നൊരു വേളയിൽ.
ഉന്നതൻ സഹ്യനതൃത്തുതസ്തബ്ധനായ്
നിന്നു പുളകിതാ ശേഷ കളേബരൻ.

ആടി, ബാലാനിലനൊത്തു നൽച്ചന്ദന—
ക്കാട്ടകം, ശിഷ്ടാന്തരംഗവും പ്രീതിയാൽ.
മെല്ലെന്നു താളംപിടിച്ചു തരംഗിണി,
പല്ലവിപാടി രസിച്ചു കുയിലുകൾ
ഏകാന്തഭാവുകാഭാഷിതതത്വങ്ങളെ
നീ കിളിപ്പൈതലേ പാടിയ വേളയിൽ.
കൈരളിക്കുണ്ടായൊരാനന്ദ മോതുവാ—
നാരാൽക്കഴിയുമീമൂന്നു ലോകത്തിലും.
വാത്മീകികോകിലം പാടിയോരാദിമ—
കാവ്യത്തിലൂടെയദ്ധ്യാത്മ തത്വങ്ങളെ
ഓതി, വേദേതിഹാസ പുരാണാദിക—
ളോതി മഹാഭാരതം മധുരാക്ഷരം.
നിന്നാലഭിമാന പൂരിതമായിത—
ന്നെന്നുടെ ഭാഷതന്നുള്ളം മനോഹരി,
ഭാരതീലാളിതേ, നിൻപരിലാളന—
സൌഭാഗ്യമേറ്റൊരു ഭാഷമറ്റേതുവാൻ.
നീണാൾ ജയിക്ക പൊന്നോമനപ്പൈങ്കിളി,
നീണാൾ ജയിക്ക ശുകകുലോത്തംസമേ.

# പ്രാണായാമം

(ശിരോമണി, കാമ്പ്രത്തെ ശങ്കരമേനോൻ. കൊല്ലങ്കോട്ട്)

പ്രാണങ്ങളുടെ ആയാമം അഭ്യാസംആണ് പ്രാണായാമം അതിൽ ഒരു രഹസ്യവുമില്ല. ഹിന്തുക്കൾ ഏതു പ്രവൃത്തിചെയ്യുമ്പോഴും "ആചാമ്യ പ്രാണാൻ അചമ്യ" എന്നു പറഞ്ഞേ തീരണം.

ഇത് ബാല്യംമുതൽ മരണംവരെ ഓരോരുത്തരും അനുഷ്ഠിക്കേണ്ടതത്രെ. ശരീരസുഖം, രോഗമില്ലായ്മ, രക്തശുദ്ധി, രക്തപുഷ്ടി ഇവയാണു പ്രാണായാമംകൊണ്ടു സിദ്ധിക്കുന്ന ഫലം.

അനുഷ്ഠാനക്രമം:—ഓരോരുത്തരും രാത്രി 9 മണിമുതൽ 10 മണിക്കുള്ളിൽ ഉറങ്ങേണ്ടതാകുന്നു അരുണോദയത്തിൽ എഴുനീല്ക്കുന്ന പതിവുവെക്കേണ്ടതു് അത്യാവിശ്യം. ദന്തധാവനം മുതലായവ

ചെയ്തശേഷം ഉരി പച്ചവെള്ളം കുടിക്കുക. മലബന്ധമുള്ളവർ നാഴി വെള്ളം കുടിക്കുന്നതു് ഉത്തമമത്രെ. കിഴക്കോ വടക്കോ നോക്കി ഒരു പീഠത്തിൽ ഇരിക്കുക പീഠമില്ലാത്തപക്ഷം ഒരു വസ്ത്രം മടക്കി വിരിച്ച കാൽ നിലത്തിൽ തട്ടാത്തവണ്ണം അതിൽ ഇരുന്നാലും മതി പത്മാസനം, വീരാസനം മുതലായ ആസനങ്ങളിലും ഇരിക്കാം. പുറഭാഗം (മുതുക്) വളയാതെ നിവന്നിരിക്കണം. ഉടനെ മൂക്കിൻെറ രണ്ടുദ്വാരങ്ങൾ വഴിയായോ ഒരുദ്വാരം വഴിയായോ ആദ്യം ശ്വാസത്തെ പുറത്തുവിടണം. വിടുമ്പോൾ ശരീരത്തിലുള്ള എല്ലാ വിഷവായുവിനേയും ശ്രമപ്പെട്ടു വെളിയിലാക്കണം. ഉടനെ സാവധാനമായി ശുദ്ധവായുവിനെ അകത്തേക്ക് ശ്വസിക്കണം. ഇതിനു ബുദ്ധിമുട്ടൊന്നുമില്ല. ശ്വാസനാളം എത്രത്തോളം ആവശ്യപ്പെടുന്നുവോ അത്രത്തോളം വായു ഉള്ളിൽപോകും. ഇതത്രെ ജീവവായു—പ്രാണവായു. ഇപ്രകാരം പണിപ്പെട്ടു വെളിയിലും പതുക്കെ ഉള്ളിലും 10 നിമിഷംവരെ അഭ്യാസംചെയ്യണം.

ഇതു നിമിത്തം ശരീരത്തിൻെറ ഉള്ളിലുള്ള വിഷവായു മുഴുവനും പുറമെപോകുന്നു. ശുദ്ധവായു അകത്തേക്കും വരുന്നു. നമ്മുടെ പൂർവ്വികർ ഈ അഭ്യാസം ഒരുമണിക്കൂർ ചെയ്തിരുന്നതായി ചരിത്രം പറയുന്നു. ആധുനികതത്വജ്ഞാനികൾ ഈ അഭ്യാസം മാത്രം മതി ശരീരാരോഗ്യത്തിന്നു് എന്നു് അഭിപ്രായപ്പെടുന്നു. പ്രഭാതത്തിൽ പ്രവർത്തിച്ചതിൻെറ ഫലം അന്നു രാത്രിതന്നെ അറിയാം. ഇതാണു് ആര്യമതസിദ്ധാന്തം; ഉടനടി ഫലവത്തായ പ്രവൃത്തിചെയ്യുന്നതു് അവരുടെ മുറയാണല്ലൊ.

## രണ്ടാം അഭ്യാസം

മേൽ വിവരിച്ചപ്രകാരം പ്രാണവായുവിനെ വെളിയിലും ഉള്ളിലും പോകുവാൻ പഴക്കിയതിന്നു ശേഷം വായുവിനെ ഉള്ളിൽ ചെലുത്തിയുടൻ സ്വല്പനേരം ഉള്ളിൽ മൂലാധാരം മുതൽ ശിരസ്സുവരെയുള്ള ഇഷ്ടമുള്ള സ്ഥലത്തിൽ നിറുത്താം. ഇതിനു കുംഭകം എന്നു പേർ. എത്രനേരം നിറുത്തുവാൻ സാധിക്കുമോ അത്രയുമാവാം. ഇതിൽ പ്രയാസപ്പെടരുതു്. ഇതിൻെറ പ്രയോജനം അതാതു സ്ഥലങ്ങളിൽ രക്തസ്ഥാനങ്ങൾ ജീവവായുവിനാൽ ശുദ്ധിചെയ്യപ്പെടുന്നു. അതായതു കണ്ണിന്നു് അല്പം ബലക്ഷയം ഉണ്ടെങ്കിൽ ഏകദേശം പത്തു കുംഭകം നടത്തിയാൽ അതു തീൻനുപോകും.

"അപാനേജുഹ്വതിപ്രാണം പ്രാണേഽപാനം തഥാപരേ ।
പ്രാണാപാനഗതീരുദ്ധ്വാ പ്രാണായാമപരായണാഃ ॥ ഗീത-4-29.

## മൂന്നാം അഭ്യാസം (ഭസ്ത്രാഭ്യാസം)

ആദ്യം പ്രസ്താവിച്ച മാതിരി വായുവിനെ നിശ്വസിച്ചും ശ്വസിച്ചും പത്തു നിമിഷം കഴിഞ്ഞിട്ടു് ശ്വസിച്ച വായുവിനെ മൂലാധാരത്തിൽ ഏതെങ്കിലും ഒരു സ്ഥലത്തു നിറുത്തി, തുരുത്തി ഊതുന്നതുപോലെ വയറിനെ മുന്നിലും പിന്നിലുമായി അഞ്ചു മുതൽ പത്തു നിമിഷംവരെ ചലിപ്പിക്കണം: ശരീരത്തിൽ മാറിലും, നാഭിക്കു് അടിയിലും ചലനമുണ്ടാകുവാൻ പാടില്ല. വയറു മാത്രം തുരുത്തിപോലെ അനങ്ങിക്കൊണ്ടിരിക്കണം. ഈ അഭ്യാസം 30 മുതൽ 35 അടി വരെയുള്ള ചെറിയ കുടലിനെ ശുദ്ധിചെയ്യുന്നു. ഇതിനാൽ ദഹനശക്തിയുണ്ടായി മലബന്ധം തീരും ഇതു പ്രത്യക്ഷഫലമാണു്. ഈ അഭ്യാസം വെറും വയററിൽ ആയിരിക്കണം. ആയതിനാൽ പ്രഭാതകാലം തന്നെയാണു് ഇതിന്നു് ഏററവും പററിയ സമയം.

ആദ്യം ഭസ്ത്രാഭ്യാസം ചെയ്യുമ്പോൾ ദഹനശക്തി ഇല്ലാത്തവർക്കു വയർ കൃത്യമായി മുന്നും പിന്നും ചലിക്കുകയില്ല. ഏമ്പൽ ഉണ്ടാകും. അപാനവായു വെളിയിൽ വരും. ഇതുകൊണ്ടു കുടൽ ബലഹീനമായിരിക്കുന്നുവെന്നു് അറിയാം. ഈ അഭ്യാസം രണ്ടുമൂന്നു ദിവസത്തിന്നുള്ളിൽ ശരിയായി വരും.

ഇതിന്നു ഗുരു അവിശ്യമില്ല. വയറിനെ മുന്നും പിന്നും നല്ലവണ്ണം അനക്കണം. ഇതു് എങ്ങനെ തെററായി ചെയ്താലും ശരീരത്തിന്നു് ഒരു ഉപദ്രവവുമുണ്ടാവുകയില്ല. അതുപോലെ മുമ്പിൽ പറഞ്ഞ രണ്ടു പ്രാണായാമവും അനുദിനം അനുഷ്ഠിക്കുന്നതു ശരീരാരോഗ്യത്തിന്നു് അത്യാവശ്യമത്രെ. എങ്ങനെ പ്രവത്തിച്ചാലും ഒരു ഉപദ്രവവും വരുകയില്ല. ക്രമേണ ശരിയായിത്തീരും. ആയതിനാൽ എല്ലാവക്കും ഈ മൂന്നു അഭ്യാസവും അന്യരുടെ സഹായമില്ലാതെ അനുഷ്ഠിക്കാം. ആകെ 30 അല്ലെങ്കിൽ 35 നിമിഷമേ വേണ്ടു.

### സ്ത്രീകളും അനുഷ്ഠിക്കേണ്ടതാണു്.

ഗർഭിണികൾ ഭസ്ത്രാഭ്യാസം ചെയ്യരുതു്. പ്രാണായാമംകൊണ്ടു ഗർഭം നന്നായി വളൻറു സുഖപ്രസവമുണ്ടാകും. ഇതെല്ലാം തത്വശാസ്ത്രപരിശോധനചെയ്തും ശീലിച്ചും അറിഞ്ഞ വിഷയമത്രെ. ഭസ്ത്രാഭ്യാസംചെയ്തു കഴിഞ്ഞ ഉടൻ വയർ നല്ല സത്തുള്ള ആഹാരത്തെ അന്വേഷിക്കും. ഉപ്പു്, പുളി മുതലായ രാജസാഹാരത്തെ

ചുരുക്കണം. പരിപ്പ്, ആട്ടിൻതൈർ, പാൽ, വാഴപ്പഴം, പച്ചക്കറികൾ ഇവ ഭക്ഷിക്കാം.

ഇപ്രകാരം ഭക്ഷിക്കുന്നതയാൽ ഒരുവനു് രണ്ടു പ്രാവശ്യമേ ആഹാരം വേണ്ടൂ. മലബന്ധം ഉണ്ടാകുകയില്ല. മലത്തിൽ ദുർഗ്ഗന്ധവും ഉണ്ടാവില്ല. ദിവസം രണ്ടുനേരം ആയാസമില്ലാതെ ശോധനയുണ്ടാകും. ഇങ്ങനെ കുറച്ചുകാലം കഴിഞ്ഞശേഷം പച്ചക്കറികളേയും പഴവർഗ്ഗങ്ങളേയും അധികമായി ഉപയോഗിച്ചു ശീലിക്കാം. അപ്പോൾ ശീതോഷ്ണദുഃഖങ്ങൾ അറിയുകയില്ല.

ആര്യന്മാർ ആചരിച്ചുവന്നതും ശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതും സദ്യഃഫലദായകവുമായ ഇതു് അനുഷ്ഠിക്കുന്നുണ്ടെങ്കിൽ വ്യാധി ഉടൻ മാറി സുഖമാകും വ്യാധിയില്ലാത്തവക്ക് ശരീരാരോഗ്യമുണ്ടാകും.

## ചതുർവ്വിധദഹനം

അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ
പ്രാണാപാനസമായുക്തഃ പചാമ്യന്നം ചതുർവ്വിധം 11 ഗീതാ 15—14. ഞാൻ ആഹാരം നാലുവിധമായി ജീർണ്ണമാക്കുന്നു. എന്നു ഗീതയിൽ ശ്രീകൃഷ്ണൻ പറഞ്ഞിട്ടുണ്ടു്.

ആദ്യമായി വായിലുള്ള ലാലാ (Saliva) ജലത്താൽ ജീർണ്ണമാകുന്നു. രണ്ടാമതു വയററിൽ രണ്ടു ദ്രവപദാർത്ഥമുണ്ടു്. അവ ചേർന്നു ദഹിക്കുന്നു. മൂന്നാമതു ചെറിയ വയററിൽ മുഴുവനും ദഹിച്ചുപോകുന്നു. നാലാമതു് അതു രക്തമായി പരിണമിച്ചു് ഇന്ദ്രിയങ്ങൾ, മനസ്സു മുതലായവയിൽ ചേന്നു ദഹിക്കുന്നു. ഈ നാലുവിധ ദഹനവും ഈശ്വരനാൽ ചെയ്യപ്പെട്ടതത്രെ.

---

# നേപാളയുദ്ധം

(പരേതനായ കണ്ണമ്പ്ര കുഞ്ഞുണ്ണി നായർ)

നേപാളരാജാവും മന്ത്രിമുഖ്യന്മാരും സദസ്യന്മാരുംകൂടി ആലോചനയായിരുന്നു. രാജാവു പറഞ്ഞു, "ഗോറക്ക്പൂർ അതൃത്തിയിലുള്ള തക്കപ്പെട്ട പ്രദേശങ്ങളിൽ ബ്രിട്ടീഷധികാരം സ്ഥാപിക്കാനായി താൻ കൽകത്തക്ക് എഴുതീട്ടുള്ളതായും ആ വിഷയത്തെപ്പററി ര

ണ്ടാമത് ഒരെറിയിപ്പിന്നാവശ്യമുണ്ടാവില്ലെന്നു താൻ വിശ്വസിക്കുന്നുവെന്നും ഗവൎണ്ണർ ജനറാൽ നമുക്കു എഴുതിയിരിക്കുന്നു. അങ്ങനെയാൽ നമ്മുടെരാജ്യം എങ്ങനെ നിലനില്ക്കും? എന്റെ അഭിപ്രായം യുദ്ധത്തിനൊരുങ്ങണമെന്നാണ്. നിങ്ങൾ എല്ലാവരുംകൂടി നല്ലവണ്ണം ആലോചിച്ച് തീൎച്ചയായ ഒരു മറുപടി പറയണം".

സേനാധിപനായ ഭീമസിംഹൻ ആദ്യം ഉത്തരം പറഞ്ഞു, "നേപാളരാജ്യത്തിനോടു മല്ലിടാൻ ഇതേവരെ ആൎക്കും സാധിച്ചിട്ടില്ല. ഒരിക്കൽ ചീനക്കാർ നമ്മോടു പൊരുതി; എങ്കിലും അവൎക്ക് നമ്മോട് സന്ധിചെയ്യേണ്ടതായി വന്നു. നമ്മുടെ പരിശ്രമംകൊണ്ടു് നമുക്ക് ഇംഗ്ലീഷുകാരോടെതൃത്തു് അവരെ പുറത്താക്കാൻ സാധിക്കും. നമ്മുടെ കുന്നുകളും കോട്ടകളും ഈശ്വരനിൎമ്മിതങ്ങളും അതിനാൽ അവയെ കൈക്കലാക്കാൻ ശത്രുക്കൾക്കു അസാദ്ധ്യാവുമണു്. യുദ്ധംചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

ഒന്നുരണ്ടു സദസ്യന്മാർ സന്ധി ചെയ്യുന്നതാണ് നല്ലതെന്നഭിപ്രായപ്പെട്ടു. അധികപക്ഷപ്രകാരം ഈ ദുർഘടത്തിൽനിന്നു രക്ഷപ്പെടാനുള്ള ഒറ്റ മാൎഗ്ഗം യുദ്ധമാണെന്നു തീൎച്ചപ്പെടുത്തി.

ക്രിസ്താബ്ദം പത്തൊമ്പതാം നൂററാണ്ടിന്റെ ആദികാലത്തു ഹേസ്റ്റിങ്ങ്സിലെ മാർക്വിസ്സ് ഗവൎണ്ണർ ജനറാളുടെ കാലത്താണ് അതിൎത്തിതൎക്കങ്ങൾക്കു ഗൌരവം കൂടിവന്നതു്. തൎക്കത്തിലുള്ള രണ്ടു ജില്ലകൾ ഇരുപത്തഞ്ചു ദിവസത്തിനകത്തു് ഒഴിഞ്ഞുകൊടുക്കാത്തപക്ഷം ആ കാൎയ്യം യുദ്ധംകൊണ്ടു തീൎച്ചപ്പെടുത്തുന്നതാണെന്നു ഗവൎണ്ണർ ജനറാൾ നേപാളരാജാവിന്നു കത്തയച്ചു. രാജാവു യുദ്ധത്തിന്നു തീൎച്ചപ്പെടുത്തിയെങ്കിലും തന്റെ ബഹുമാനവും സന്ധിക്കുള്ള ആഗ്രഹവും കാണിച്ചുകൊണ്ടു ഹേസ്റ്റിങ്ങ്സ് പ്രഭുവിന്നു മറുപടി അയച്ചു. ബ്രിട്ടിഷ് സൈന്യങ്ങൾ തൎക്കപ്പെട്ട സ്ഥലങ്ങൾ കൈവശപ്പെടുത്തിയപ്പോൾ ഗൂൎക്കന്മാർ ബലപ്പെട്ട് പിന്തിരിഞ്ഞു് അവിടം വിട്ടുപോയി. ബ്രിട്ടീഷ് മജിസ്ട്രേട്ടു അവിടെ മൂന്നു പൊല്ലീസ്സ് ഠാണാവുകൾ സ്ഥാപിച്ചു. പിന്നീടു സൈന്യങ്ങൾ അവിടെനിന്നു പിൻവാങ്ങി.

ഗൂൎക്കന്മാർ യാതൊരു മുന്നറിവും കൊടുക്കാതെ പൊല്ലീസ്സ് ഠാണാവുകളെ വളഞ്ഞു പൊല്ലീസ്സുദ്യോഗസ്ഥന്മാരെ കൊലപ്പെടുത്തി. അതു യുദ്ധത്തിന്നു കാരണമായിത്തീൎന്നു.

നാലു വ്യത്യസ്തദിക്കുകളിൽനിന്നു് നാലു സൈന്യവിഭാഗങ്ങളെക്കൊണ്ടു് നേപാളത്തെ ആക്രമിക്കണമെന്നായിരുന്നു ഗവൎണ്ണർ

ജനറാളുടെ പ്ലാൻ. മുപ്പതിനായിരം പട്ടാളക്കാരെ അതിനുവേണ്ടി ഏൎപ്പെടുത്തി. നേപാളവിജയം എത്രയും എളുപ്പമാണ് എന്നായിരുന്നു ബ്രിട്ടീഷുകാരുടെ വിചാരം. നേപാളരാജാവിന്നു് കവിഞ്ഞ പക്ഷം പന്തീരായിരത്തിലധികം സൈന്യങ്ങളെ ശേഖരിപ്പാൻ സാധിക്കുന്നതല്ല; അവൎക്കുവേണ്ട ആയുധങ്ങളൊന്നും ഇല്ല; യുദ്ധത്തിന്റെ ചിട്ടകളും അവൎക്കറിയില്ല.

മേജർ ജനറൽ ഗില്ലസ്പിയാണ് ആദ്യമായിട്ട് നേപാളത്തിന്റെ അതൃത്തിക്കുള്ളിൽ പ്രവേശിച്ചതു്. കുന്നുകളുടെ ഒരു മുക്കിൽ കലുംഗ എന്ന ഒരു ചെറിയ കോട്ട സ്ഥിതിചെയ്തിരുന്നു. അതിന്റെ നാലുപുറവും ഒരു മതിൽപോലെ വലിയ പാറക്കഷണങ്ങൾകൊണ്ടു് ചുററപ്പെട്ടിരുന്നു. പാറകളുടെ ചുററും എത്രയോ പഴക്കംചെന്ന സാലവൃക്ഷങ്ങൾകൊണ്ടു നിറഞ്ഞ ഒരു കാടും ഉണ്ടായിരുന്നു. ഗൂൎക്കസേനാപതിയായ ബലഭദ്രസിംഹൻ അറുനൂറ് സൈന്യങ്ങളോടുകൂടി പ്രകൃതിനിൎമ്മിതമായ ഈ കോട്ടയിൽ ഇംഗ്ലീഷുകാരുടെ വരവിനെ കാത്തുകൊണ്ടിരുന്നു.

ബ്രിട്ടീഷുസൈന്യങ്ങൾ കോട്ടയെ വളഞ്ഞു. അവരുടെ പീരങ്കിത്തോക്കുകൾ മുഴങ്ങി. കോട്ടയിൽനിന്നു കൈത്തോക്കുകൾകൊണ്ടുള്ള വെടി തുടങ്ങി. കോട്ടയ്ക്കു നല്ല രക്ഷാസ്ഥാനങ്ങളില്ലാതിരുന്നതുകൊണ്ടു് ഗൂൎക്കന്മാരുടെ സൈന്യത്തിൽ അനേകംപേർ വെടികൊണ്ടുമരിച്ചു; എങ്കിലും അവർ കീഴടങ്ങുവാൻ കൂട്ടാക്കിയില്ല. ജനറൽ ഗില്ലസ്പിക്കു ആശ്ചൎയ്യവും കോപവുമുണ്ടായി. കോട്ട ആക്രമിച്ചു പിടിക്കാനായി ഗില്ലസ്പി തന്റെ സൈന്യങ്ങൾക്കു കല്പനകൊടുത്തു. ശത്രുക്കളുടെ കൈത്തോക്കിന്റെ വെടിയുണ്ട എത്തുന്ന സ്ഥലംവരെ ഇംഗ്ലീഷുസൈന്യം മുന്നോട്ടുചെന്നു. അവിടെനിന്നു് മുന്നോട്ടുപോകാൻ അവർ കൂട്ടാക്കിയില്ല. തന്റെ വാൾ എളക്കിക്കൊണ്ടു് ഗില്ലസ്പി മുന്നോട്ടുപോയി തന്നെ പിന്തുടരാൻ സൈന്യങ്ങൾക്കു കല്പന കൊടുത്തു. എങ്കിലും എന്തെന്നില്ലാത്ത ഒരു ഭയം അവരെ ബാധിച്ചു. അവർ നിശ്ചേഷ്ടന്മാരായ്നിന്നു. ഒരു വെടി മുഴങ്ങി അതിന്റെ ഉണ്ട ഗില്ലസ്പിയുടെ ഹൃദയം പിളൎന്നു. ആയാൾ മരിച്ചുപോയി.

സൈന്യങ്ങൾ പിന്നാക്കം വാങ്ങി. ഡൽഹിയിൽനിന്നു സൈന്യങ്ങളും യുദ്ധസാമഗ്രികളും വരാൻ കാത്തിരുന്നു. അവ ഒരു മാസത്തിനുള്ളിൽ എത്തിച്ചേൎന്നു. ഇംഗ്ലീഷുസൈന്യം കോട്ടയെ രണ്ടാമതും ആക്രമിച്ചു. അതും ഫലിച്ചില്ല. നന്നെ മോശമായ

ആയുധങ്ങളോടുകൂടിയ ഇരുനൂറിൽക്കവിയാത്ത ഭടന്മാരോടുകൂടെ ബലഭദ്രസിംഹൻ വമ്പിച്ച ഇംഗ്ലീഷുസൈന്യത്തെ തടഞ്ഞുനിൎത്തി. ഇതു് എന്തൊരാശ്ചൎയ്യമാണു്! സ്ത്രീകൾക്കൂടെ വെളിക്കുവന്നു് ശത്രുക്കളുടെ നേരെ കല്ലെറിഞ്ഞിരുന്നു. ഇംഗ്ലീഷുകാരുടെ വെടിയുണ്ടകൾ കോട്ടയുടെ നാലുഭാഗങ്ങളും തകൎത്തുകളഞ്ഞു. മുറിയേററവർ വേദന സഹിക്കാൻ വയ്യാതെ ദൈന്യശബ്ദം പുറപ്പെടുവിക്കുന്നു. എല്ലാററിനും പുറമേ വെള്ളം കിട്ടാതെയുമായി. കോട്ടയുടെ പുറത്തുള്ള വെള്ളച്ചാട്ടങ്ങളിൽ നിന്നാണു് വെള്ളം കൊണ്ടുവന്നിരുന്നതു്. ഇംഗ്ലീഷുകാർ ആ മാൎഗ്ഗങ്ങളെല്ലാം തടഞ്ഞു. ഒടുക്കം ദാഹം പൊറുക്കാതായി. ഒരു രാത്രി കോട്ടയിലെ വാതലുകൾ മെല്ലെ തുറക്കപ്പെട്ടു. ബലഭദ്രസിംഹനും തന്റെ എഴുപതു കൂട്ടാളികളും പുറത്തുവന്നു. അറുനൂറു ഭടന്മാരിൽ ഇവർ മാത്രമാണു് ബാക്കി ഉണ്ടായിരുന്നതു്. അവരുടെ കയ്യിൽ വാളും അരക്കെട്ടിൽ കുക്രിയും തലപ്പാവിൽ ചക്രവും ഉണ്ടായിരുന്നു. അവർ ബ്രിട്ടീഷുപാളയങ്ങളുടെ സമീപത്തിൽക്കൂടെ നടന്നു കുന്നുകളുടെ ഇടയിൽ മറഞ്ഞു.

ഇന്ത്യയിൽ ഇതുവരെയായി പലതരത്തിലുള്ള ജാതിക്കാരോടും സൈന്യങ്ങളോടും ഇംഗ്ലീഷുകാർ പൊരുതീട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള ഒരു ശത്രുവിനോടു് അവർ യുദ്ധം ചെയ്തിട്ടില്ലെന്നു് ഇംഗ്ലീഷുകാൎക്കു ബോധ്യമായി. ഗൂൎക്കന്മാരുടെ വീൎയ്യശൌൎയ്യാദികൾ കണ്ടു അവർ അമ്പരന്നുപോയി! അറുനൂറു് ഗൂൎക്കന്മാരോടെതിൎക്കാൻ സകല യുദ്ധക്കോപ്പുകളും തികഞ്ഞ ഒരു വമ്പിച്ച സൈന്യവകുപ്പിൽ മുപ്പത്തൊന്നുപസേനാനായകന്മാരും എഴുനൂററി പതിനെട്ടു സാധാരണഭടന്മാരും മരിച്ചുപോയി. അതിൽ ഒരു ജനറാളും ഉൾപ്പെട്ടിരുന്നു. ഗവൎണ്ണർ ജനറാളുടെ വലത്തുകൈയായ മെററ്കാഫ് ഇങ്ങനെ പറഞ്ഞിരിക്കുന്നു. "യുദ്ധത്തിൽ ഇത്ര പരാക്രമവും ഇത്ര ചിട്ടയും ഇത്ര സാമൎത്ഥ്യവും ഇത്ര വിവേകപൂൎവ്വമായ അവധാനതയും കാലോചിതമായ നെഞ്ഞുറപ്പും ഇതേവരെ ആരും പ്രദൎശിപ്പിച്ചിട്ടില്ല." ഡറാഡൂൺ ചരിത്രകാരനായ വില്യംസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "കലംഗാക്കോട്ടയുടെ ആക്രമണത്തെ തടുത്തുനിൎത്തിയ കാൎയ്യം ലോകത്തിലെ എത്ര ശൂരനായ യോദ്ധാവിനും അഭിമാനജനകമാണു്. അതിൽ ബലഭദ്രസിംഹൻ കാണിച്ച അസാധാരണധൈൎയ്യാദിഗുണങ്ങൾ ഓൎക്കുമ്പോൾ നമ്മുടെ തോൽമയിലുള്ള അവമാനത്തെ മിക്കതും ലഘുകരിപ്പാൻ അവ മതിയാകുന്നതാണു്."

ബലഭദ്രൻ കാണിച്ച ധൈര്യത്തിൻെറ പരമകാഷ്ഠയെ ലോകത്തിൽ ഇതുവരെ ഉണ്ടായ ഒരു സേനാധിപനെങ്കിലും അതിശയിച്ചതായി കാണുന്നില്ല. അദ്ദേഹം ഒരു ഇംഗ്ലീഷുകാരനായിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ ചരിത്രം സ്കൂൾ പാഠ്യപുസ്തകങ്ങളിൽ ഒരു പ്രധാന സ്ഥലം പിടിക്കുമായിരുന്നു! അദ്ദേഹത്തിൻെറ മഹിമ ലോകമാസകലം കൊണ്ടാടുമായിരുന്നു! അതു എങ്ങനെയെങ്കിലുമാകട്ടെ. ഡറാഡൂൺ വനത്തിൽ റീച്ച്‌വന എന്ന നദിയുടെ തീരത്തിൽ, "നമ്മുടെ എതിരാളിയും ധീരനുമായ ബലഭദ്രൻെറ സ്മാരകമായി ഞങ്ങൾ ബഹുമാനപുരസ്സരം ഇതു സ്ഥാപിച്ചിരിക്കുന്നു" എന്നു കൊത്തിവെച്ച ഒരു സ്മാരകം ഇപ്പോഴും ഉണ്ടു്.

ഗില്ലസ്പിയുടെ തോൽമയെ പിന്തുടർന്നുകൊണ്ടു് ഇംഗ്ലീഷുകാർക്കു പല തോല്മകളും പിണഞ്ഞു. ജിററ്ഗാറിൽവെച്ച് ജനറൽവുഡ്ഡു് പറപറപ്പിക്കപ്പെട്ടു. മൂന്നാമത്തെ സൈന്യത്തിൽ ആയിരത്തിലധികം ഭടന്മാർ മരിച്ചുപോയി. മെററ്കാഫ് നിരാശനായിട്ടു് ഇങ്ങനെ വിലപിച്ചു. "നമ്മുടെ സൈന്യങ്ങളേക്കാൾ എത്രയോ അധികം വീര്യവും, ധീരതയും, പതച്ചയില്ലായ്മയും ഉള്ള ഒരു ശത്രുവിനോടാണു് നാം പൊരുതുന്നതു്. നമ്മുടെ തോൽമയുടെ അവസാനം എന്തായിരിക്കുമെന്നു് പറയാൻ അസാദ്ധ്യമാണു്. ചില അവസരങ്ങളിൽ എണ്ണത്തിൽ എത്രയോ ചുരുങ്ങിയ ഗൂർക്കന്മാർ വടികൾകൊണ്ടും കല്ലുകൾകൊണ്ടും യൂറോപ്യന്മാരും നാട്ടുകാരും കൂടിയ നമ്മുടെ സൈന്യങ്ങളെ തോല്പിച്ചിരിക്കുന്നു. മററു ചില അവസരങ്ങളിൽ ശത്രുക്കൾ വാളും കൈയിൽ പിടിച്ചു് നമ്മുടെ സൈന്യങ്ങളോടെതിൎക്കുകയും ആട്ടിൻകൂട്ടത്തെയെന്നപോലെ നമ്മുടെ സൈന്യങ്ങളെ വളരെദൂരം ഓടിക്കുകയും ചെയ്തിരുന്നു. ഈയ്യിടയിൽ ഒരു യുദ്ധത്തിൽ അനേകം പേർ മരിക്കുകയും മുറിപ്പെടുകയും കാണാതാവുകയും ചെയ്തിരിക്കുന്നു. അതിലധികം കഷ്ടമായിട്ടുള്ളതു് എത്ര അനവധി തോക്കുകളാണു് ശത്രുക്കളുടെ കയ്യിൽപെട്ടതു് എന്നതിനു് കണക്കില്ല. ചുരുക്കത്തിൽ ഇന്ത്യയിൽ നമ്മുടെ പ്രാബല്യത്തിന്നു് അധികം ആയുസ്സില്ലെന്നും ക്ഷണസ്ഥായിയാണെന്നും ഞാൻ എപ്പോഴും വിചാരിച്ചിട്ടുണ്ടു്. നമ്മുടെ അധഃപതനം തുടങ്ങിയിരിക്കുന്നുവെന്നു പറയാതിരിക്കാൻ നിവ്വാഹമില്ല. നമ്മുടെ പ്രാബല്യം നിലനിന്നുപോന്നിരുന്നതു് നമ്മുടെ യുദ്ധസാമൎത്ഥ്യത്താലുള്ള മെച്ചംകൊണ്ടു മാത്രമാണു്. ഒരു ശത്രുവിനെ സംബന്ധിച്ചേടത്തോളം ആ മെച്ചം പോയിക്കഴിഞ്ഞു. ഈ യുദ്ധത്തിൽ

നമ്മുടെ ഭാഗത്തു എണ്ണം അധികമുണ്ടായിരുന്നു എന്നും യുദ്ധചാതുൎയ്യവും വീരത്വവും ശത്രുഭാഗത്തായിരുന്നു എന്നും ഉള്ള ഭയങ്കരമായ സംഗതി പ്രസ്താവയോഗ്യമാണ്. ശത്രുരാജ്യത്തിലെ നിവാസികരം നമ്മളെ സഹായിക്കാൻ ഒരുക്കമുള്ളവരായിരുന്നു. നമ്മൾ ചില അവസരങ്ങളിൽ ജയം നേടീട്ടും നമ്മളുടെ പ്രവേശനത്തെ അവർ കണ്ടിട്ടും കൂടി ശത്രുക്കളുടെ സ്വഭാവവൈശിഷ്ട്യം കണ്ടിട്ട് അവർ വല്ലാതെ ഭയപ്പെട്ടിരുന്നു."

കലുംഗയിൽവെച്ച് ഇംഗ്ലീഷുകാർ ഒരു പാഠംപഠിച്ചു. വെള്ളമില്ലാതെയായപ്പോഴാണ് ആ കോട്ടയെ പിടിക്കാൻ സാധിച്ചതു്. ജൈഥതക്കോട്ടയെ ആക്രമിക്കുന്ന സമയത്തു ആ കോട്ടയിലുള്ളവർ വെള്ളം കൊണ്ടുവന്നിരുന്നതു പുറമെനിന്നാണെന്നു ബ്രിട്ടീഷ് ജനറൽ കണ്ടുപിടിച്ചു. ആവക ജലാശയങ്ങളെ കൈക്കലാക്കാൻ ആയാരം ശ്രമിച്ചു. എങ്കിലും ശത്രുക്കരം നല്ല കണക്കിൽ അവരോടെതൃത്തു. ഇംഗ്ലീഷുസൈന്യം പിന്തിരിഞ്ഞു പാഞ്ഞുതുടങ്ങി. ഗൂൎക്കന്മാർ അവരെ പിന്തുടൎന്നിരുന്നു. ആ യുദ്ധത്തിൽ ഇംഗ്ലീഷുസൈന്യത്തിൽ അഞ്ഞൂറുഭടന്മാർ മരിക്കുകയും മുറിയേല്ക്കുകയും ചെയ്തു.

ഗൂൎക്കന്മാരെ ശത്രുക്കരം ഭയപ്പെട്ടു വിറച്ചിരുന്നു. ഗൂൎക്കന്മാർ ഇംഗ്ലീഷ് സൈന്യങ്ങളുടെ തള്ളിച്ച നിശ്ശേഷം നശിപ്പിച്ചു. ഈ സംഗതി ചമൻഗറിൽവെച്ചു വെളിപ്പെട്ടു. രണ്ടായിരം ഇംഗ്ലീഷ് ഭടന്മാർ ഇരുനൂറു ഗൂൎക്കന്മാരെ വളഞ്ഞിരുന്നു. ഗൂൎക്കന്മാർ യുദ്ധം ചെയ്തു മരിക്കാൻ തീൎച്ചയാക്കി. എന്നാൽ യുദ്ധമുണ്ടായില്ല. മരണഭയം ലേശം ഇല്ലാത്തവരും ധീരധീരന്മാരുമായ ആ പൎവ്വതനിവാസികളെ കണ്ടു ഭയപ്പെട്ട് ബ്രിട്ടീഷ് സൈന്യങ്ങരം ബദ്ധപ്പെട്ടു ഓടിപ്പോയി.

ക്രിസ്താബ്ദം 1814-ൽ ഇംഗ്ലീഷുകാൎക്കു തുടരത്തുടരെ അപത്തുണ്ടായിക്കൊണ്ടിരുന്നു. ജനറൽ ഓക്ടർലോണി എന്ന ഒരു സേനാധിപൻ മാത്രം മെല്ലെമെല്ലെ മുന്നോട്ട് ആക്രമിച്ചിരുന്നു; എങ്കിലും ആയാരംക്കു പറയത്തക്ക ജയമൊന്നുമുണ്ടായില്ല. എന്നാൽ ആയാരം യുദ്ധത്തെ മാത്രം ഒരവലംബമായി കരുതിയില്ല. ദൽഹിയിലെ ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കാലത്തു് ആയാരം ചാണക്യസൂത്രം നല്ലവണ്ണം പഠിച്ചിരുന്നു. അക്കാലത്തു ആയാരം അനേകം സ്ത്രീകളെ വെപ്പാട്ടിമാരാക്കി വെക്കുകയും നാട്ടുകാരുടെ ഉടുപ്പും മററു രീതികളും സ്വീകരിക്കുകയും ചെയ്തിരുന്നു. ഒരു മുഹമ്മദീയ സ്ത്രീയെ

കല്യാണം കഴിച്ചവനും ചോററിനുവേണ്ടി യോദ്ധാവായിത്തീൎന്നവനും ആയ കൎണ്ണൽ ഗാർഡിനർ എന്നവനെ ഓക്റ്റർലോണിക്കു ചങ്ങാതിയായി കിട്ടി. അവരിരുവരുംകൂടി നേപാളരാജ്യത്തു് കൂടതന്ത്രത്തിൻെറ വലയിട്ടു. ഹിന്ദൂർ, വിലാസപുരം, സിക്കിം എന്ന രാജ്യങ്ങളിലെ പ്രഭുക്കന്മാർ ഈ വലയിൽപെട്ടു. ബ്രിട്ടീഷുകാരുടെ വാഗ്ദത്തങ്ങൾകൊണ്ടു മയങ്ങി അവർ തങ്ങളുടെ പ്രഭുവായ നേപാളരാജാവിൻെറ നേരെ രാജദ്രോഹികളായിത്തീൎന്നു.

ബ്രിട്ടീഷുസൈന്യങ്ങളുടെ എണ്ണം വൎദ്ധിപ്പിക്കാൻ ഹേസ്റ്റിങ്സ് പ്രഭു ഭഗീരഥപ്രയത്നം ചെയ്തു. എണ്ണത്തെ സംബന്ധിച്ചേടത്തോളം ബ്രിട്ടീഷുസൈന്യം ശത്രുസൈന്യത്തേക്കാൾ എത്രയോ മീതെയായിരുന്നു. നേപാളരാജാവിൻെറ ഭണ്ഡാരം ഒഴിഞ്ഞ കൂട്ടത്തിലായി. “കുനിന്മേൽ കുരു” എന്നപോലെ സാമന്തരാജാക്കന്മാർ രാജദ്രോഹികളായും തീൎന്നു.

നേപാളരാജാവു സന്ധി സംസാരിക്കാനായി തൻെറ കുലപുരോഹിതനായ ഗുരുശങ്കരരാജ മിശ്രനെ ബ്രിട്ടീഷ് പൊളിററിക്കൽ ഏജണ്ടിൻെറ പാളയത്തിലേക്കയച്ചു. എന്നാൽ ബ്രിട്ടീഷുകാർ നേപാളത്തിലെ വലിയൊരു ഭാഗം കിട്ടണമെന്നു ആവശ്യപ്പെട്ടതുകൊണ്ടു് സന്ധിസംസാരം അലസിപ്പോയി. ഗൂർക്കസേനാധിപനായ അമരസിംഹതാവൽ തൻെറ രാജാവിനു് ഒരു കത്തയച്ചിരുന്നതു ഇംഗ്ലീഷുകാർ എങ്ങനേയോ കൈക്കലാക്കി. അദ്ദേഹം സന്ധിക്കു വിരോധമായിരുന്നു. അതിനുള്ള കാരണങ്ങൾ അദ്ദേഹം ആ കത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഒരു സന്ധി ചെയ്യുന്നതായാൽ മൎയ്യാദക്കു് അതുപ്രകാരം നടക്കണം എന്നായിരുന്നു അദ്ദേഹത്തിൻെറ വാദം. “ഒരു രേഖാമൂലമുള്ള കരാറുപ്രകാരം വിട്ടുകൊടുത്തിട്ടുള്ള പ്രദേശങ്ങൾ വീണ്ടെടുക്കാൻ പാടുള്ളതല്ല. ആ പ്രദേശങ്ങൾ ബലം പ്രയോഗിച്ചു കൈവശപ്പെടുത്തിയതായിരുന്നുവെങ്കിൽ അവയെ വീണ്ടെടുക്കാൻ ബലം പ്രയോഗിക്കാമായിരുന്നു. ശത്രുക്കളുടെ വമ്പിച്ച യുദ്ധസന്നാഹത്തിനുശേഷം നമ്മൾ കൊടുക്കാമെന്നു പറയുന്ന പ്രദേശങ്ങൾകൊണ്ടു് അവർ തൃപ്തിപ്പെടുകയില്ല. അഥവാ നാം പറയുന്നതു് അവർ സ്വീകരിച്ചാലും അവർ ടിപ്പുവിൻെറ നേരെ കാട്ടിയതുപോലെ നമ്മുടെ നേരെയും കാട്ടും. അവർ ആദ്യം ആറുകോടി ഉറപ്പിക്കയും കുറെ പ്രദേശങ്ങളും പിഴയായി വാങ്ങി. അവർ ആവശ്യപ്പെട്ടുംപ്രകാരം അത്ര അധികം പ്രദേശങ്ങൾ വിട്ടുകൊടുത്താൽ അവർ മത്സരിക്കാൻ പുതിയ അവസരം

കാത്തുകൊണ്ടിരിക്കും. ഇനിയൊരവസരത്തിൽ അവർ വേറെ പ്രദേശങ്ങളും കൈക്കലാക്കും. തല്ക്കാലം താഴ്വരപ്രദേശങ്ങളും ഡൂൺപ്രദേശവും സററ്ലജിന്നടുത്തുള്ള പ്രദേശങ്ങളും വിട്ടുകൊടുത്താൽ നേപ്പാളത്തിലെ മററു പ്രദേശങ്ങൾ അവർ കൈക്കലാക്കാൻ ശ്രമിക്കയില്ലെന്നു അങ്ങുന്നു വിചാരിക്കുന്നു. അവരെ വിശ്വസിക്കരുതേ! ഇവിടെ ശത്രുക്കൾ എന്നെ വളഞ്ഞിട്ടുണ്ടെങ്കിലും ഞാൻ ദിവസേന യുദ്ധം ചെയ്യുന്നുണ്ട്. രാണജിതസിംഹനെ നമ്മുടെ ഭാഗത്തേക്കു കൂട്ടണമെന്നാണു എൻെറ ഉദ്ദേശം. അതു സാധിക്കണമെങ്കിൽ ഞാൻ രണ്ടുമൂന്നു ജയങ്ങൾകൂടി നേടണം. നാം ജയിച്ചാൽ നമ്മൾ തമ്മിലുള്ള തക്കങ്ങൾ എളുപ്പത്തിൽ തീക്കാവുന്നതാണ്. നാം തോല്ക്കുന്നതായാൽ നമുക്കു ദൈന്യമായുള്ള സന്ധിയെക്കാൾ മരണമാണു നല്ലതു്."

എങ്കിലും ഖജനാവിൽ പണമില്ലാത്തതുകൊണ്ടും മററും നേപാളരാജാവിന്നു തനിച്ച് ഇംഗ്ലീഷുകാരോടെതിത്തുനില്പാൻ നിവ്വാഹമില്ലാതായി അദ്ദേഹത്തിന്നു സന്ധിചെയ്യേണ്ടതായി വന്നു. സഗൌലിയിൽവെച്ച നേപാളദൂതനായ ചന്ദ്രശേഖരഉപാദ്ധ്യായൻ ജനറൽ ഓക്റ്റർലോണിയുമായി 1816-ാമാണ്ട് മാച്ച് മാസം 8-ാം തിയതി സന്ധിചെയ്തു. ബ്രിട്ടീഷുകാർ കൈവശപ്പെടുത്തിയ പ്രദേശങ്ങളെല്ലാം അവക്കു വിട്ടുകൊടുക്കുകയും കട്ട്മണ്ടുവിൽ ഒരു റസിഡണ്ടിനെ നിശ്ചയിക്കാൻ സമ്മതിക്കുകയും ചെയ്തു. ഇങ്ങനെ, ബ്രിട്ടീഷുകാക്ക് ഇന്ത്യയിലുള്ള ഒന്നാംതരം സുഖസ്ഥാനങ്ങൾ—ഡാർജിലിങ്, സിംല മുതലായവ ലഭിച്ചു.

നേപാളരാജാവു യുദ്ധത്തിൽ തോററുവെങ്കിലും അദ്ദേഹത്തിൻെറ തോൽമ ഇംഗ്ലീഷുകാരുടെ ജയത്തേക്കാൾ എത്രയോ മാഹാത്മ്യമുള്ളതാണ്. അദ്ദേഹത്തെ ജയിക്കാൻ ഇംഗ്ലീഷുകാർ പ്രയോഗിച്ച നയങ്ങൾ ഒട്ടുംതന്നെ ശ്ലാഘ്യമായിരുന്നില്ല.

"യുയുത്സതാം കുത്ര ചിദാതതായിനാം
ജയതു ദൈകത്ര നവൈപരാത്മനാം" എന്നു വ്യത്രാസുരൻ ദേവേന്ദ്രനോടു പറഞ്ഞതു് ഇവിടെ ഓമ്മിക്കേണ്ടതാണ്. "അന്യോന്യം യുദ്ധത്തിന്നൊരുങ്ങി ആയുധം ധരിച്ചിരിക്കുന്നവരെല്ലാം പരാധീനന്മാരാകയാൽ അവരിൽ ഒരു ഭാഗത്തു മാത്രം എപ്പോഴും ജയമുണ്ടാകുമെന്നു നിശ്ചയമില്ല. ചിലപ്പോൾ ഒരു പക്ഷത്തിൽ ജയം. മറെറാരിക്കൽ മറുപക്ഷത്തിൽ ജയമെന്നതു സാധാരണമാകുന്നു.

നേപാളയുദ്ധം കഴിഞ്ഞു് ഒരു നൂററാണ്ടിനു മുമ്പായി ലോകത്തിലെ മഹായുദ്ധം തുടങ്ങി. ആ യുദ്ധത്തിൽ ഇപ്പോഴത്തെ നേപാള രാജാവു് ഇംഗ്ലീഷുകാൎക്കു ചെയ്തുകൊടുത്ത സഹായം ഏററവും സമയോചിതവും വിലമതിക്കാൻ പാടില്ലാത്തതുമായിരുന്നു. ആ യുദ്ധത്തിൽ ഗൂൎക്കന്മാരുടെ ധൈൎയ്യത്തേയും സാഹസത്തേയും പററി ബ്രിട്ടീഷുകാർ വളരെ ശ്ലാഘിച്ചിട്ടുണ്ടു്. യുദ്ധം അവസാനിച്ച ശേഷം ബ്രിട്ടീഷുകാർ തങ്ങളുടെ നന്ദി കാണിപ്പാനായി നേപാള രാജാവിന്നു് "His Majesty" എന്ന സ്ഥാനം കൊടുക്കുകയും കൊല്ലംതോറും മുപ്പതുലക്ഷം ഉറുപ്പിക കൊടുപ്പാൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടു്." *

* മേജർ ബാസുവിന്റെ "ഇന്ത്യയിൽ ക്രിസ്തീയ ശക്തിയുടെ അഭ്യുത്ഥാനം" (Rise of the Christian Power in India) എന്ന പുസ്തകത്തിൽനിന്നു് ഹിന്ദുവിന്റെ ഞായറാഴ്ച്ച പതിപ്പിൽ ഡാക്ടർ ഭവാനി ഭട്ടാചാര്യ "നേപാളയുദ്ധം" എന്ന തലക്കെട്ടിൽ എഴുതിയ ലേഖനത്തിൽനിന്നും സംഗ്രഹിച്ചതു്.

# മുറജപം

[സി. ദാമോദരമേനോൻ, വിലങ്ങൻ.]

കൊല്ലവൎഷം 933ൽ നാടുനീങ്ങിയ മാൎത്താണ്ഡവൎമ്മ മഹാരാജാവ്, രാജ്യവിസ്തൃതിയെ മുൻനിൎത്തി അനേകം യുദ്ധങ്ങൾ നടത്തിയിട്ടുള്ളതു് ചരിത്രപ്രസിദ്ധമാണല്ലോ. കലിംഗയുദ്ധത്താൽ മനഃപരിവൎത്തനംവന്ന അശോകചക്രവൎത്തി യുദ്ധവിരക്തനായിത്തീൎന്നപോലെ മാൎത്താണ്ഡവൎമ്മ മഹാരാജാവും, താൻ നടത്തിയിട്ടുള്ള കൊലപാതകങ്ങളെ ചിന്തിച്ച് പശ്ചാത്താപാകുലനായിത്തീൎന്നു. രാജ്യക്ഷേമത്തിനും, പാപപരിഹാരത്തിനുമായി തമ്പുരാൻ, വൈദികന്മാരും, രാമയ്യൻ ദളവയുമായി ആലോചിച്ചുനിശ്ചയിച്ച ഒരു ചടങ്ങാണു് ഇന്നും നടന്നുവരുന്ന മുറജപം.

ഇരുപത്തഞ്ചു മുറജപം നടത്തുന്നതിനായിരുന്നു അന്നത്തെ വൈദികന്മാർ വിധിച്ചിരുന്നതു്. അതനുസരിച്ച് ആദ്യത്തെ മുറജപം 925ലാണു് നടന്നതു്. ആറുകൊല്ലം കൂടുമ്പോഴാണു് ഈ മുറജപം നടത്തുക. 931ലാണു് രണ്ടാമത്തെ മുറജപം നടന്നതു്. അങ്ങ

നെ രണ്ടു മുറജപംമാത്രമേ, മാർത്താണ്ഡവർമ്മ മഹാരാജാവിനു് തൻെറ ജീവിതകാലത്തു് നടത്താൻ സാധിച്ചുള്ളു. 933ൽ തമ്പുരാൻ നാടു നീങ്ങിയല്ലൊ.

വമ്പിച്ച തുക ചിലവുചെയ്തു് നടത്തിവരുന്ന ഈ കർമ്മം, വൈദികസഭയുടെ നിശ്ചയപ്രകാരം 1075ലെ 25-ാമത്തെ മുറജപത്തോടുകൂടി അവസാനിപ്പിക്കാമായിരുന്നു. എന്നിട്ടും, പൂർവ്വികന്മാർ തുടങ്ങിവച്ച പതിവിനെ ലംഘിക്കുവാനുള്ള വൈമനസ്യംകൊണ്ടും, രാജ്യക്ഷേമത്തിനുവേണ്ടിയുള്ള ഒരു പുണ്യകർമ്മമാണല്ലൊ എന്ന ബോധംകൊണ്ടും, പിന്നീടുണ്ടായ രാജാക്കന്മാരുടെകാലത്തും ഈ വിശ്ശുദ്ധകർമ്മം മുടങ്ങാതെ നടന്നുപോരികയാണു്. അപ്രകാരം മുടക്കംകൂടാതെ നടന്നുപോന്ന മുറജപം ഈയ്യാണ്ടത്തേതു് 34-ാമത്തെയാണു്. മുറജപത്തിൻെറ ഭാരിച്ചചിലവിനെ പരിഗണിക്കുമ്പോൾ ഇന്നത്തെസ്ഥിതിക്കു് ഇതു ദ്രവ്യവ്യയഹേതുവെന്നു മാത്രമല്ല വൈദികവിധിയിൽനിന്നുള്ള ഒരു വ്യതിയാനവുംകൂടിയാണു്.

മുറജപത്തിൻെറ ചടങ്ങുകൾ എന്തെല്ലാമെന്നു പരിശോധിക്കാം. തുടങ്ങാൻപോകുന്ന മുറജപത്തിൻെറ ആറുകൊല്ലം മുമ്പുതന്നെ ആണ്ടിൽ രണ്ടു തവണകളിലായി, പത്മനാഭസ്വാമിക്ഷേത്രത്തിൽ ഓരോ ഭദ്രദീപം നടത്തുക പതിവാണു്. മാർകഴി, ആടി എന്നാണു ഈ ഭദ്രദീപങ്ങൾക്കു് നാമനിർദ്ദേശം ചെയ്തിട്ടുള്ളതു്. 925_ലായിരുന്നു ആദ്യത്തെ മുറജപം എന്നു പറഞ്ഞല്ലോ. അതിൻെറ മുന്നോടിയായി ഭദ്രദീപച്ചടങ്ങു് നടന്നതു് 919-ലായിരുന്നു. ആണ്ടിൽ രണ്ടു് എന്ന തോതിൽ 12 ഭദ്രദീപം നടന്നുകഴിഞ്ഞാൽ മുറപ്രകാരം മുറജപം തുടങ്ങുകയായി. മുറജപം വൃശ്ചികമാസത്തിലെ പൌർണ്ണമിക്കു തുടങ്ങി 56 ദിവസംകൊണ്ടവസാനിക്കുന്നു. 34-ാമത്തേതായ ഇന്നത്തെ മുറജപം നവംബർ 20-ാംനു- അതായതു് വൃശ്ചികം 5-ാംനു- ആണു ആരംഭിച്ചിരിക്കുന്നതു്. മുറജപകാലത്തു് മഹാരാജാവു് ചില വ്രതാനുഷ്ഠാനങ്ങൾ ദീക്ഷിക്കണമെന്നാണു നിശ്ചയം. ലക്ഷദീപത്തോടുകൂടി 56-ാംദിവസം ഈ ചടങ്ങ് അവസാനിക്കുകയും ചെയ്യും.

വേദം ഉരുക്കഴിക്കലാണു് മുറജപം എന്നു പറയുന്നതു്. മുറ എന്നാൽ തവണ അല്ലെങ്കിൽ പരിവൃത്തി. വേദം മുഴുവൻ ഒരു പരിവൃത്തി ഉരുക്കഴിക്കാൻ 8 ദിവസം വേണം. അങ്ങിനെ 7 പരിവൃത്തി വേദം ഉരുക്കഴിക്കാൻ 56 ദിവസം വേണ്ടിവരുന്നു. അവസാനദിവസം പത്മനാഭസ്വാമി ക്ഷേത്രത്തിൽ മതില്ക്കകത്തു ലക്ഷം

ദീപങ്ങൾ തെളിയിക്കുന്നതിനെയാണു ലക്ഷദീപമെന്നു പറയുന്നതു്.

ഓത്തുള്ള നമ്പൂതിരിമാരാണ് മുറജപം നടത്തുന്നതു്. തിരുനാവായിലും, തൃശ്ശൂരുമുള്ള വേദാഭ്യാസസ്ഥാപനങ്ങളിലുള്ള വാദ്ധ്യാന്മാരുടെ കീഴിൽ, വേദാഭ്യസനം നടത്തിയിട്ടുള്ള നമ്പൂതിരിമാരാണ് പണ്ടു കാലങ്ങളിൽ മുറജപത്തിനു പൊയ്ക്കൊണ്ടിരുന്നതു്. ഇപ്പോൾ വേദാദ്ധ്യയനത്തിനു് അത്രമാത്രം ശിഷ്യഗണങ്ങളെ കിട്ടുക വിഷമമാണല്ലോ. അതുകൊണ്ടു നിഷ്കൃഷ്ടമായ, വേദപരിജ്ഞാനമില്ലാത്തവൎക്കും മുറജപത്തിനു പങ്കെടുക്കാമെന്നായിട്ടുണ്ടു്.

പ്രഭാതത്തിൽ 5 മണിക്കു് മുറജപത്തിനുള്ള നമ്പൂതിരിമാർ എല്ലാവരും പത്മതീൎത്ഥത്തിൽ എത്തിക്കൊള്ളണം. കുളിക്കുവേണ്ട സാധനങ്ങളെല്ലാം അവിടെ തയാറുണ്ടായിരിക്കും. 6 മണിക്കു് മുറജപം തുടങ്ങുകയായി. 8½ മണിയാകുമ്പോൾ മഹാരാജാവു ക്ഷേത്രദൎശനത്തിനെത്തുന്നു. ക്ഷേത്രത്തിൽ തൊഴുതു്, മഹാബ്രാഹ്മണരെ വന്ദിച്ചു മഹാരാജാവു തിരിച്ചെഴുന്നള്ളിക്കഴിഞ്ഞാൽ അന്നത്തെ ചടങ്ങവസാനിക്കുന്നു. ജപം കഴിഞ്ഞു നമ്പൂതിരിമാർ ശീവേലിപ്പുരയിൽ എത്തിക്കഴിഞ്ഞാൽ അവിടെ നാനാ വിഭവങ്ങളോടുകൂടിയ സദ്യ പൊടിപാറുകയായി. സദ്യ കഴിഞ്ഞു വിശ്രമാനന്തരം 2 മണിക്കു് ശീവേലിപ്പുരയിൽവെച്ചുതന്നെ സഹസ്രനാമജപം എന്നൊരു ചടങ്ങുണ്ടു്. സന്ധ്യാസമയത്താണു് ജലജപം. ജപക്കാർ പത്മതീൎത്ഥം തൊട്ടുകൊണ്ടുള്ള ജപമാണു് ജലജപം ഇതിൽ ഓത്തില്ലാത്തവൎക്കും സംബന്ധിക്കാം. വൈകുന്നേരത്തെ അത്താഴസദ്യയും ഒട്ടും മോശമല്ല. അത്താഴം കഴിഞ്ഞാൽ എല്ലാവൎക്കും ഓരോ അവിൽപൊതി കൊടുക്കുക പതിവുണ്ടായിരുന്നു. ഈയിടെ ആ പതിവു നിൎത്തിയിരിക്കുന്നു എന്നാണു മുറജപത്തിൽ സംബന്ധിച്ചിട്ടുള്ള ഒരു നമ്പൂതിരി സ്നേഹിതൻ പറഞ്ഞതു്.

ജപക്കാരായ ചെറുകിടക്കാർ താമസിക്കുന്നതു് നെട്ടമ്പുരകളിലാണു്. വലിയ കോയിക്കൽ, മിത്രാനന്ദപുരം, ശംഖുംമുഖം; ശ്രീകണ്ഠേശ്വരം എന്നീ സ്ഥലങ്ങളിലാണു് നെട്ടമ്പുരകൾ കെട്ടി ഉണ്ടാക്കുന്നതു്. ആകപ്പാടെ പത്തുപതിനാറു നെട്ടമ്പുരകൾ ഉണ്ടായിരിക്കും. ഓരോന്നിലും, 100-150 കയറുകട്ടിലുകളും, പുൽപ്പായ പുതപ്പു് മുതലായ ശയ്യോപകരണങ്ങളും ഉണ്ടായിരിക്കും. ഇഞ്ച, വാക, കാച്ചിയ എണ്ണ മുതലായവ ആവശ്യമനുസരിച്ചു് എല്ലാവൎക്കും കിട്ടും. വൈദ്യസഹായം വേണ്ടവൎക്കു് അതും എന്നുവേണ്ട സ്വന്തം ഇല്ലങ്ങളിൽക്കൂടി തരപ്പെടാത്ത സൌകൎയ്യങ്ങളാണു മുറജപനമ്പൂ

തിരിമാക്കു കിട്ടുക.

വൻകിടക്കാരുടെ കാര്യം ഇതിലും മെച്ചപ്പെട്ടതാണ്. അവക്കു താമസിക്കാൻ പ്രത്യേകം കെട്ടിടങ്ങൾ ഉണ്ടാകും. ശീവേലിപ്പുരയിലേക്ക് ഊണുകഴിക്കാൻ പോകേണ്ട ആവശ്യംപോലും അവക്കില്ല. സകല വിഭവങ്ങളോടുംകൂടിയ പകച്ചു അവരുടെയെല്ലാം ഇരുപ്പറത്തു് എത്തിക്കൊള്ളും. ആഴവാഞ്ചേരി തമ്പ്രാക്കൾ, വാദ്ധ്യാന്മാർ; വൈദികന്മാർ, മററ ആഢ്യന്മാർ ഇവരെല്ലാമാണ വലിയ ഗ്രേയിഡിൽ പെട്ടവർ.

ഒരു സാധാരണക്കാരൻ നമ്പൂതിരിക്ക് ദിവസമൊന്നുക്ക് 3½ പണം ജപഭിക്ഷയുണ്ടു്. വാദ്ധ്യാനും വൈദികനും ദിവസത്തിൽ 101 പണം. ആഴവാഞ്ചേരി തമ്പ്രാക്കൾക്ക് 1001 പണം. ആഢ്യന്മാക്ക് 50—70 എന്നീ നിരക്കിൽ ഗ്രേയിഡ് അനുസരിച്ച് ദക്ഷിണയുണ്ടു്. 1117ൽ കഴിഞ്ഞ മുറജപത്തിനു് 8 ലക്ഷം ഉറുപ്പയാണ് ചിലവു വന്നതു്. ദക്ഷിണ ഇനത്തിൽതന്നെ 1½ലക്ഷം രൂപ ചിലവുണ്ടു്. 26-ാമത്തെ മുറജപത്തിനു് 4½ലക്ഷമാണ് ചിലവായിരുന്നതു്. ഇത്ര വമ്പിച്ച തുക ചിലവുചെയ്തു നടത്തുന്ന ഒരടിയന്തിരം കേരളത്തിൽ മററെങ്ങും ഉണ്ടെന്നുതോന്നുന്നില്ല. സക്കാരിൻെറ പണം കൊണ്ടു് ഇത്രമാത്രം മാന്യതപുലർത്താൻ അഹ്മരായിരുന്നിരിക്കാം നമ്പൂതിരിമാർ ഒരുകാലത്തു്. പക്ഷെ, ഭക്ഷണദ്ദുർഭിക്ഷം അധികരിച്ചിരിക്കുന്ന ഇക്കാലത്തു് ഇത്രമാത്രം അരിവെച്ച് സദ്യനടത്തുന്നതും, രാജ്യത്തിൻെറ അഭിവൃദ്ധിക്ക് വകകാണേണ്ടതായ അവസരത്തിൽ വമ്പിച്ച തുക ഇപ്രകാരം ചിലവുചെയ്യുന്നതും അനാവശ്യമായി തോന്നാം. എന്നാൽ ഇപ്പോഴത്തെ ചിലവുകൾഎല്ലാം രാജപ്രമുഖൻ തിരുമേനിയുടെ പ്രിവി പേർസിൽ നിന്നാകകൊണ്ടു് അങ്ങിനെ ഒരു തോന്നലിനു് വിലയിരുത്തേണ്ടതില്ല.

# ഐക്യരാഷ്ട്രദിനം

പി. ഗോവിന്ദമേനോൻ

[1953 ഒക്ടോബർ 24-ാംനു കൊണ്ടാടപ്പെട്ട ഐക്യരാഷ്ട്രദിനത്തെസ്സംബന്ധിച്ചു വിദ്യാഭ്യാസവകുപ്പു മുഖാന്തരം പ്രസിദ്ധപ്പെടുത്തപ്പെട്ട ലഘുലേഖയെ ആസ്പദിച്ചു തയ്യാറാക്കപ്പെട്ടതു്.]

**സമാധാനം, നീതി, പുരോഗതി.** ലോകത്തിൽ ഇവ സ്ഥാപിതമാവണമെങ്കിൽ അനേകകൊല്ലത്തെ നിരന്തരമുള്ള ക്ഷമാപൂർവ്വമായ പരിശ്രമം ആവശ്യമാണു്. അവകാശപത്രത്തിൽ ഒപ്പിട്ടതുകൊണ്ടോ അധികാരമുണ്ടെന്നു വിളംബരം ചെയ്തതുകൊണ്ടോ രാഷ്ട്രങ്ങൾ തമ്മിൽ ഒത്തൊരുമയുണ്ടാവില്ല. രണ്ടു ലോകമഹായുദ്ധങ്ങൾ വരുത്തിത്തീർത്ത കഷ്ടനഷ്ടങ്ങളും കലാപങ്ങളും ഭീതികളും എളുപ്പത്തിൽ അകററാവുന്നതോ?

ഐക്യരാഷ്ട്രസംഘടന പ്രഖ്യാപിച്ച മനുഷ്യാവകാശങ്ങൾ ഉത്തമാദർശങ്ങളാണു നമ്മുടെ മുമ്പിൽ ഉയർത്തിക്കാണിച്ചിട്ടുള്ളതു്. അവ എങ്ങനെ പ്രായോഗികമാക്കാം? ഒമ്പതാമത്തെ വയസ്സിൽ പ്രവേശിക്കുന്ന ഈ മഹാസഭ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കത്തക്ക ശക്തി സമ്പാദിക്കേണ്ടിയിരിക്കുന്നു. ലോകസമാധാനസ്ഥാപനത്തിനുവേണ്ടി ഈ സംഘടന എന്തൊക്കെയാണു പ്രവർത്തിച്ചിട്ടുള്ളതു്?

**സമാധാനം.** യുദ്ധം ഇല്ലെന്നതുകൊണ്ടു മാത്രമായില്ല. രാഷ്ട്രങ്ങൾ തമ്മിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായാൽ അവ ഒത്തുതീർപ്പിലെത്തിക്കുവാനുള്ള അവസരങ്ങളും മനഃസ്ഥിതിയും ഉണ്ടാവണം. മനുഷ്യർ തുല്യരാണെന്നു തമ്മിൽ തമ്മിൽ കരുതുകയും മററുള്ളവരുടെ അവകാശങ്ങൾ ഓരോരുത്തരും അനുവദിച്ചുകൊടുക്കുകയും വേണം. നീതിബോധം സ്വാർത്ഥത്തെ അമർത്തണം. പരസ്പരം ഒത്തുചേർന്നു കൂടുതൽ ഉയർന്ന ജീവിതനിലവാരത്തിലെത്തുവാൻ തരപ്പെടുത്തുകയാണു വേണ്ടതു്.

ഈ കാര്യങ്ങളൊക്കെ സാധിപ്പിക്കുവാനാണു് ഐക്യരാഷ്ട്രസംഘത്തിന്റെ ശ്രമം. എന്നാൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ ആദ്യം അതു തടയുകയാണല്ലോ വേണ്ടതു്. യുദ്ധത്തിൽ ഏർപ്പെട്ട രാജ്യങ്ങളുടെ പ്രതിനിധികളടക്കം മററു രാഷ്ട്രങ്ങളുടെ പ്രതിനിധികളും അടങ്ങി ഒരു സ്ഥലത്തുവെച്ചു തർക്കവിഷയങ്ങളുടെ എല്ലാ വ

ശങ്ങളും ചർച്ചചെയ്യുവാനുള്ള സാദ്ധ്യതയാണ് ഈ സംഘടന കൈവരുത്തിയിട്ടുള്ളതു്.

ഇൻഡോനേഷ്യ, പാലസ്റ്റീൻ, കാശ്മീർ, ബാൾക്കൻസ്, ബർലിൻ ഉപരോധം എന്നിവയെസ്സംബന്ധിച്ചെല്ലാം സമാധാനപരമായ തീർപ്പിന്നാണു ഐക്യരാഷ്ട്രസംഘത്തിന്റെ പരിശ്രമം തുടന്നതു്. ഇങ്ങനെയൊരു സംഘടന ഇല്ലായിരുന്നെങ്കിൽ, ഓരോ സംഭവഗതിയും ഇതിലും ആപൽകരമായ നിലയിലെത്തുമായിരുന്നു. യുദ്ധകാരണങ്ങൾ വേഗം ഒതുങ്ങുമെന്നു കരുതാവതല്ല. എന്നാൽ ദൃഢനിശ്ചയവും സന്മനസ്സും ഇരുകക്ഷികൾക്കുമുള്ള പക്ഷം കുറച്ചു വൈകിയാലും കാര്യം സമാധാനപരമായി അവസാനിപ്പിക്കുവാൻ സാധിക്കാതെ വരികയില്ല. ഐ. രാ. സ. അതിന്നു നിലകൊള്ളുന്നു.

ചില ഘട്ടങ്ങളിൽ എതിരാളിയുടെ പോരാട്ടം നിലപ്പിക്കാൻ യുദ്ധത്തിനുതന്നെ മുതിരേണ്ടിവന്നേയ്ക്കും. കൊറിയയിൽ അങ്ങനെയാണുണ്ടായതു്. ഐക്യരാഷ്ട്രങ്ങൾക്കു തെക്കൻ കൊറിയയുടെ സഹായത്തിനു വടക്കൻ കൊറിയയ്ക്കെതിരായി സൈന്യം അയയ്ക്കേണ്ടിവന്നു. അങ്ങനെ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ ആയുധമെടുക്കേണ്ടിവന്നാലും സമാധാനമാണു ലക്ഷ്യം. പഴുതുകിട്ടിയാൽ സംഹാരത്തിൽനിന്നു വിരമിക്കാനാണു നോട്ടം. യുദ്ധത്താൽ ചതയപ്പെട്ട കൊറിയയുടെ പുനരുദ്ധാരണമാണു ഇപ്പോൾ ഈ സഭയുടെ അടിയന്തരകൃത്യം. പ്രത്യേകശ്രദ്ധ അതിൽ പതിപ്പിച്ചിട്ടുണ്ടു്.

**നീതി.** അന്യൻ നമ്മോടു കാട്ടുവാൻ നാം ഇഷ്ടപ്പെടുന്നതു നാം അന്യന്മാരോടും കാട്ടുകയെന്നതാണു നീതിയുടെ കാതൽ. അന്യന്മാരുടെ അഭിപ്രായങ്ങളെ സ്വീകരിക്കുവാൻ കൂട്ടാക്കാതെ അവരെ അടിച്ചമർത്തുവാൻ ഉത്സാഹിച്ചതിന്റെ തിക്തഫലങ്ങൾ ചരിത്രം പല തവണ കുറിച്ചിട്ടുള്ളതാണു്. കനപ്പെട്ട അംഗത്തെ കാർന്നുതിന്നുന്ന അർബ്ബുദംപോലെയാണ് അസഹിഷ്ണുത

പത്തുലക്ഷത്തിലധികം അഭയാർത്ഥികൾക്കു പുതുജീവൻ നൽകത്തക്കവിധം രക്ഷ നൽകിയ ഐ. രാ. സ. നീതി പ്രവർത്തിക്കുന്നതിൽ മുന്നിട്ടു നിൽക്കുന്നു. ചില വർഗ്ഗങ്ങളെ നിർദ്ദയം കൊന്നൊടുക്കുന്ന സമ്പ്രദായം അതു നിഷ്കാസനം ചെയ്തിരിക്കുന്നു. മനുഷ്യാവകാശങ്ങളുടെ പ്രഖ്യാപനം മൂലം സ്ത്രീസമുദായത്തിന്റെ അന്തസ്സു പാലിക്കയാണു ചെയ്തിരിക്കുന്നതു്. അധീനസ്ഥലങ്ങളെ തദ്ദേശീ

യക്കു ഗുണകരമായ വിധം ഭരിക്കുന്നതിനുള്ള ഏപ്പാടാണു ഊരാസ്റ്റ കൗൺസിൽ മുഖാന്തരം നടപ്പിൽ വരുത്തിയിട്ടുള്ളതു്. സ്വയം ഭരണാവകാശമില്ലാത്തവക്കും നീതി നൽകണമെന്നതാണു നില.

രാഷ്ട്രങ്ങൾ തമ്മിലുള്ള ഇടപാടുകൾമൂലം കച്ചവടം, യാത്രാസൌകര്യം, കപ്പൽ—വിമാനഗതാഗതം തുടങ്ങിയ പല സംഗതികളെക്കുറിച്ചും അന്യോന്യം പല കരാറുകളും വീട്ടുവീഴ്ച്ചകളും ചെയ്യുന്നതിനെസ്സംബന്ധിച്ച നിശ്ചയങ്ങൾ ചെയ്യാറുണ്ടു്. ഒട്ടാകെയുള്ള പുരോഗതിക്കു് ഇത്തരം അനേക ഘടകങ്ങൾ തമ്മിൽതമ്മിലുള്ള യോജിപ്പ് അത്യാവശ്യമാണു്. ഹേഗിലെ രാഷ്ട്രാന്തരീയക്കോടതി വിവിധ രാഷ്ട്രങ്ങളെ നീതിപൂൎവ്വമായി കൂട്ടിയിണക്കുന്ന ഒരു കണ്ണിയായിട്ടാണു പരിലസിക്കുന്നതു്. സായുധസംഘട്ടനത്തിന്നിടവരാത്തവിധം രാഷ്ട്രങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ അവസാനിപ്പിക്കുവാനാണു് സൎവ്വരാഷ്ട്രക്കോടതി. ഐക്യരാഷ്ട്രസംഘത്തിന്റെ ജനറൽ അസംബ്ളിയോ സെക്യൂരിട്ടി കൌൺസിലോ മററു വല്ല വിഭാഗമോ ആവശ്യപ്പെട്ടാൽ നിലവിലുള്ള തൎക്കങ്ങളിൽ വിധികല്പിക്കുവാൻ ഈ കോടതി തയ്യാറാവുന്നതാണു്. എല്ലാവൎക്കും നീതി ചെയ്യുവാനുള്ള ഈ വ്യവസ്ഥ സമാധാനത്തേയും പുരോഗതിയേയും ഉറച്ച അടിസ്ഥാനത്തിൽ പ്രതിഷ്ഠിക്കുകയാണു ചെയ്യുന്നതു്. ഐക്യരാഷ്ട്രസംഘടനയുടെ നീതിക്കുവേണ്ടിയുള്ള നില പ്രശംസാൎഹമാണു്.

**പുരോഗതി.** ലോകത്തിലെ വിഭവങ്ങളെ എല്ലാവൎക്കും ഉപയോഗപ്രദമാകുമാറു പ്രവൎത്തിതമാക്കാമെന്നുള്ള വിശ്വാസത്തിനു് ഇന്നു വലിയ ഉറപ്പുകിട്ടിയിട്ടുണ്ടു്. സാമ്പത്തിക—സാമുദായിക കൌൺസിലും അതിന്റെ കമ്മീഷനുകളും, സൎവ്വലോക ബാലസഹായനിധിയും മററു പ്രത്യേക വിഭാഗങ്ങളും സാങ്കേതിക സഹായവ്യവസ്ഥയും, ഇങ്ങനെ രോഗത്തോടും പട്ടിണിയോടും ഭക്ഷണക്കുറവിനോടും അജ്ഞതയോടും വിദ്യാഭ്യാസസൌകര്യമില്ലായ്മയോടും, തൊഴിലാളികളുടെ അവശതയോടും, ജീവിക്കുവാനുള്ള അസൌകര്യത്തോടും മററു നാനാതരത്തിലുള്ള വൈകല്യങ്ങളോടും പല രംഗങ്ങളിലും ഒത്തൊരുമിച്ചു പടവെട്ടി അവയെ ദൂരീകരിച്ചു മനുഷ്യന്റെ നിലയും വിലയും വൎദ്ധിപ്പിക്കുവനേതകുന്ന പല വിധ പരിശ്രമങ്ങളാണു് അതിജാഗ്രതയിൽ അനവരതം നടത്തിവരുന്നതു്.

ഇതിന്റെയെല്ലാം ഫലമെന്തു്? ലോകത്തിന്റെ ഒട്ടാകെയുള്ള

പുരോഗതി. അഫ്ഗാൻ ഗ്രാമങ്ങളിലെ ടൈഫസ്പനി ഇല്ലാതായിത്തീരുന്നു; ചെമ്മരിയാടുകളുടെ ഒരുതരം സുഖക്കേട ഭേദമാക്കപ്പെടുന്നതിനാൽ നല്ലതരം രോമം കയററി അയയ്ക്കുവാൻ തരപ്പെടുന്നു; പെനിസിലിൻെറ ഉപയോഗംകൊണ്ടു ഉഷ്ണരാജ്യത്തുണ്ടാവുന്ന ഭയങ്കര രോഗത്തിനു ശമനംകാണുന്നു; ഗ്രീക്കുഗ്രാമങ്ങളിൽ പടന്നുപിടിക്കുന്നമലമ്പനി ഇല്ലാതാക്കിഅവിടത്തെ നിവാസികളെ ഉത്സാഹഭരിതരുംശക്തിസമ്പന്നരും ആക്കിത്തീക്കുന്നു. കൃഷി, നെയ്ത്തു, പലതരം നിമ്മാണങ്ങൾ എന്നിവ അഭിവൃദ്ധിപ്പെടാനിടയാവുന്ന പരിസരത്തെ വേണ്ടുംവിധം ഉപയോഗപ്പെടുത്തുവാനുള്ള കഴിണ്ടാവുന്നു വിദ്യാഭ്യാസംമൂലം. ശക്ത്യുല്പാദനകേന്ദ്രങ്ങളുടെ വദ്ധന, കപ്പൽ-വിമാന പ്രവൃത്തി നിയന്ത്രണങ്ങൾ, തൊഴിൽശാലകളിലെ പ്രവൃത്തി നിയമനങ്ങൾ, വാത്താവിതരണം, വാണിജ്യം തുടങ്ങിയ പല രംഗങ്ങളിലുമുള്ള തീരുമാനങ്ങൾ എന്നിങ്ങനെ മനുഷ്യനു നേരിടേണ്ട നാനാവിധപ്രശ്നങ്ങൾക്കും പരിഹാരംകാണുവാനുള്ള. ഈ സംഘടനയുടെ പ്രയത്നങ്ങൾ ലോകത്തിലെ വിവിധ രാഷ്ട്രങ്ങളേയും ഒരു ചരടിലിണക്കിക്കോത്തു പുരോഗമിപ്പിക്കുവാൻ ഉതകുന്നവയാണ്. ബഹുജനസുഖത്തിനും ബഹുജനഹിതത്തിന്നുംവേണ്ടിയാണ് ഈ സംഘത്തിൻെറ അനവരതയത്നം. ഒന്നോടൊന്നിണങ്ങിക്കിടക്കുന്ന സമാധാനത്തിന്നും നീതിക്കും പുരോഗതിക്കും പൂണ്ണവികാസം വരുത്തുവാനാണ ഐക്യരാഷ്ട്രസംഘം അതിൻെറ സവ്വകഴിവുകളും വിനിയോഗിച്ചുവരുന്നതു്.

# ഗാന്ധിസൂക്തം

(തുടച്ച്)

വിദ്വാൻ—ശിരോമണി കാമ്പ്രത്ത് ശങ്കരമേനോൻ

39. ജ്ഞാനത്തിൻെറ എല്ലാം ലക്ഷ്യം സുശീലമാണ്. സുശീലമുണ്ടാക്കുന്ന ആലയമത്രെ വിദ്യാലയം. സുശീലം വളത്താതേയും വിചാരവികാരപ്രവൃത്തികളെ നിയന്ത്രിക്കാതേയും ജീവിക്കുന്നവരുടെ ജ്ഞാനം നിഷ്പ്രയോജനംതന്നെ. അവർ എത്ര ഉത്തമ ഗ്രന്ഥങ്ങൾ വായിച്ചു പഠിച്ചിട്ടും പ്രയോജനമൊന്നുമില്ല.

40. എന്റെ ലക്ഷ്യം ലോകത്തോടു യോജിച്ചു നടക്കുകയാണ്. തെററായവയെ എതിക്കുവാനുള്ള വൈരാഗ്യം, പരമകാരുണ്യം എന്നിവയെ സംയോജിപ്പിക്കുവാൻ എനിക്കു കഴിയും.

41. ഭീതരായ അടിമകൾക്കു ആർജവമുള്ളവരായിരിക്കുവാൻ കഴിയുകയില്ല. നിർഭയം എന്നാൽ എന്താണ്? പൂറമെ പ്രകാശിപ്പിക്കുവാൻ ഭയമുണ്ടാകുന്നവയെ ഭയപ്പെടാതെയിരിക്കുക. രോഗങ്ങളേയോ മരണത്തെതന്നേയോ ഭയപ്പെടരുതു്. സ്വബന്ധുമിത്രാദികളെ ഭയന്നും അന്യർക്കു കഷ്ടംവരും എന്നു കരുതിയും കർത്തവ്യത്തിൽ നിന്നു ഒരിക്കലും വ്യതിചലിക്കരുതു്.

42 പ്രയത്നിച്ചു് ആഹാരം കഴിക്കുവാനുള്ള ശരീരശക്തിയുണ്ടായിട്ടും ജോലിയോ ആഹാരമോ കിട്ടാതെ കഷ്ടപ്പെടുന്ന മനുഷ്യർ ഉള്ളതുവരെ, സുഖമായി ഉറങ്ങിയെഴുന്നീററു വിഭവസമൃദ്ധമായ ആഹാരം കഴിക്കുന്ന നാം ലജ്ജിതരായി തലതാഴ്ത്തണം.

43. മനുഷ്യർ, ഈശ്വരപ്രതിനിധിയായിട്ടു ജീവജന്തുക്കൾക്കെല്ലാം സേവനംചെയ്യണം. തന്നിമിത്തം ഈശ്വരമഹിമയേയും കാരുണ്യത്തേയും പ്രകാശിപ്പിക്കുവാൻ വേണ്ടി ജനിച്ചവരാണ് എന്നു് അറിഞ്ഞുകൊൾക

44. വരദക്ഷിണകിട്ടിയാലേ വിവാഹംകഴിക്കു എന്നു നിർബ്ബന്ധമുള്ളവർ തന്റെ വിദ്യാഭ്യാസത്തേയും അധഃപതിപ്പിക്കുന്നു. സ്ത്രീത്വത്തെ തന്നേ അവമാനിക്കുന്നവരായിത്തീരുന്നു.

വരദക്ഷിണ ഒരു കാശുമാത്രം മതി എന്നു പറയുന്നവനുപോലും ഞാൻ കന്യകയെ വിവാഹംചെയ്തു കൊടുക്കുകയില്ല. ആ ജീവനാന്തം അവൾ കന്യകയായിതന്നേ ഇരിക്കുന്നതു് എനിക്കു സന്തോഷമാണ്,

45. വിഭാര്യനു വീണ്ടും വിവാഹാധികാരമുണ്ടെങ്കിൽ വിധവയ്ക്കും ആ അധികാരമുണ്ടെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. എന്നാൽ ഒരു സ്ത്രീ സ്വയമായിത്തന്നേ വൈധവ്യം ഇഷ്ടപ്പെടുന്നപക്ഷം അവൾ ഹിന്ദുക്കളുടെ അമൂല്യരത്നമത്രെ. വൈധവ്യത്തെ അനുഭവിക്കുവാൻ നിർബ്ബന്ധിക്കുന്നതു് ശാപമാണ്.

46. ത്രികരണശുദ്ധി ഉണ്ടായിരിക്കണം, മനസ്സ്, വാക്ക്, പ്രവൃത്തി ഇവ മൂന്നും ഒന്നായിരിക്കണം. മനസ്സു പരിശുദ്ധമാക്കുവാൻ അനവരതം അദ്ധ്വാനിക്കണം. എന്നാൽപിന്നെ എല്ലാം ശരിയായി ത്തീരും. മനസ്സുപോലെ കരുത്തുള്ളതു് മററൊന്നുമില്ല. പ്രവൃത്തി വാക്കിനേയും വാക്കു വിചാരത്തേയും പിന്തുടരുന്നു. ഏററവും ഉന്നത

മായ ഒരു വിചാരത്തിന്റെ ഫലമാണ് വാക്ക്. വിചാരം ഏററവും ഉയന്നതും പരിശുദ്ധവും ആയിരുന്നാൽ വിചാരഫലവും അതുപോലെ ഉയന്നതും പരിശുദ്ധവുമായിരിക്കും.

47. നിങ്ങൾ വാരിക്കോരി എളിയവക്ക് എത്ര കൊടുത്താലും അതെല്ലാം നശിച്ചുപോകും. എന്നാൽ അവക്ക് ആഹാരം കൊടുക്കുന്നതായാൽ അവർ നിങ്ങളെ ദൈവമെന്നു കരുതും.

48. അബദ്ധംചെയ്ത മനുഷ്യനെ കാണുമ്പോഴെല്ലാം ഞാനും അബദ്ധം ചെയ്തിട്ടുണ്ടെന്നുള്ളിൽ വിചാരിച്ചുകൊണ്ടിരിക്കും. കാമകിങ്കരനെ കണ്ടാൽ ഞാനും ഒരു കാലത്തിൽ അങ്ങനെയായിരുന്നു എന്നു പറയും. ഈ വിധം നടക്കുന്നതുകൊണ്ടു ലോകത്തിലുള്ള ഓരോ മനുഷ്യനോടും ഞാൻ സ്നേഹമുള്ളവനായിത്തീരുന്നു. നമ്മുടെയിടയിൽ അത്യന്തം താണനിലയിലുള്ളവർ സന്തുഷ്ടരാകാതെയിരുന്നാൽ എനിക്ക് ഒരു പ്രകാരത്തിലും സമാധാനമോ സംതൃപ്തിയോ ഉണ്ടാകയില്ല.

49. കാരുണ്യം ഒരിക്കലും ഒന്നിനേയും അപേക്ഷിക്കുകയില്ല. എന്നാൽ പലതും തരുന്നുണ്ട്. കാരുണ്യം സദാ കഷ്ടത്തെ ഉണ്ടാക്കുന്നു. അതിന്നുവേണ്ടി അതു ദുഃഖിക്കുന്നില്ല. പകരത്തിന്നുപകരം പ്രവത്തിക്കുന്നതുമില്ല.

50. സ്ത്രീസമുദായത്തെ സംരക്ഷിക്കുവാൻ സാമത്ഥ്യമില്ലാത്ത ഒരുത്തനും വിവാഹം ചെയ്യുവാനോ വംശവൃദ്ധി ഉണ്ടാക്കുവാനോ അഹ്തയില്ല.

51. വിനയം അല്ലെങ്കിൽ പ്രാത്ഥന അധരംകൊണ്ടു നടത്തേണ്ട കായ്യമല്ല. അതു ഹൃദയംകൊണ്ടുതന്നേ നടത്തണം. അതുകൊണ്ടുതന്നെയാണ് ഊമകളും അന്ധരും അജ്ഞരും മററുമുള്ളവരെപ്പോലെ പ്രാത്ഥന ചെയ്യുന്നത്. ഹൃദയത്തിൽ വിഷവും നാവിൽ വെണ്ണയും ഉള്ളവർ നടത്തുന്ന പ്രാത്ഥന ഈശ്വരശ്രവണപുടത്തിൽ പതിയുകയില്ല.

52. ഞാൻ അനിഷ്ടാനുഭവംകൊണ്ടു ഒരു സത്യം അറിഞ്ഞു. എല്ലാ ക്ഷേത്രങ്ങളും ഈശ്വരസാന്നിദ്ധ്യമുള്ളവയല്ല. അവ ഭയങ്കരഭൂതാവാസസ്ഥലങ്ങളത്രെ. ഇമ്മാതിപ്രാത്ഥന സ്ഥലങ്ങളെ സന്ദശിക്കുന്നവൻ ഈശ്വരനു ഇഷ്ടമില്ലാത്തവനാണെങ്കിൽ ആ സ്ഥലങ്ങൾക്കും എന്തൊരു മഹിമയാണ് ഉള്ളതു്? ആയതിനാൽ മനുഷ്യരുടെ ഹൃദയപൂവ്വമായ പ്രവൃത്തികൊണ്ടു എത്രത്തോളം ഈ വകക്ഷേത്രങ്ങളും പള്ളികളും മഹിമയുള്ളവയായിത്തീരുന്നു.

53. ധീരത എന്നതു ശരീരത്തെ ആസ്പദിച്ചതല്ല. അതു ആത്മാവിനെ ആശ്രയിച്ചതാണ്. ധീരന്നു ആയുധം അവസാനമേ ആവശ്യമുണ്ടാകയുള്ളു.

54. എനിക്കു പശു കരുണാരസപരിപൂൎണ്ണമായ ഒരു കാവ്യമാണ്. മനുഷ്യൎക്കും മൃഗങ്ങൾക്കും പരസ്പരം സാഹോദൎയ്യം നിലനിൎത്തുന്നത്രെ പശുശുശ്രൂഷ. മനുഷ്യൻ മറെറല്ലാ ജീവജന്തുകളോടു ചേൎന്നു താനും അവയിൽ ഒന്നു എന്നു പശുനിമിത്തം അറിഞ്ഞുകൊള്ളുന്നു.

55. ശരീരത്തോടുകൂടെ മനസ്സും പരിശ്രമിക്കുന്നപക്ഷം കാമദാഹത്തെ തൃപ്തിപ്പെടുത്തുന്ന വിഷയത്തിൽ പ്രവേശിക്കാതെ കഴിക്കാം. അങ്ങനെ ഇരിക്കുന്നതുകൊണ്ടു ഒരു തരത്തിലുള്ള സുഖക്കേടും വരുന്നതല്ല നേരെ മറിച്ചു ദേഹസുഖവും വീൎയ്യവുമുണ്ടാകും ഇതു സ്ത്രീപുരുഷന്മാർ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്.

56. തനിക്കു ആർ വിരോധികളായി തോന്നുന്നവോ അവർ അവരോടു എതിൎത്തുപോരടിക്കുന്നു. എന്നാൽ തന്റെ ശരീരത്തിലുള്ള അപരിമിതമായ വിരോധികളെ എതിൎക്കുവാൻ വേണ്ടി ഒരു വിരൽപോലും ഇളക്കുവാൻ കഴിയാത്തവനായിരിക്കുന്നു. ഇതിൽപരം മോശമെന്തുണ്ടു? തന്റെ ഉള്ളിലുള്ള ശത്രുക്കളെ സ്നേഹിതരായി കരുതുന്നവൻ വീൎയ്യമുള്ളവനല്ല.

57. ഈശ്വരൻ തന്റെ സമീപത്തിലുള്ളവരെ വീണ്ടും വീണ്ടും പരീക്ഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അദ്ദേഹവും ക്ഷമയുടെ സീമ കടന്നു് ഒരിക്കലും പരീക്ഷിക്കുകയില്ല. തന്റെ സമീപസ്ഥരെ ഈശ്വരൻ പരീക്ഷിക്കുമ്പോൾ ആ പരീക്ഷ താങ്ങുവാനുള്ള ശക്തിയും അദ്ദേഹം അവൎക്കു നൽകുന്നു.

58. മഹിളയ്ക്കു നൈസൎഗ്ഗികമായ ത്യാഗശീലവും സുന്ദരസ്വരൂപവും ഇല്ലെങ്കിൽ പിന്നെ അംഗന എന്ന പദത്തിന്നേ അൎത്ഥമില്ല.

59. വിധവയല്ലാത്ത വനിതയെയല്ലാതെ വിവാഹം ചെയ്യുകയില്ല എന്ന പരിശുദ്ധമായ പ്രതിജ്ഞചെയ്യണം എന്നു ഞാൻ നിങ്ങളോടു അഭ്യൎത്ഥിക്കുന്നു.

60. അനുദിനം കൃത്യസമയത്തു ശുദ്ധമനസ്കരായി ഈശ്വരപ്രാൎത്ഥന എല്ലാവരും ഒരു വിധത്തിലും നിൎബ്ബന്ധമില്ലാതെ നടത്തുന്നതായാൽ അതു രാജ്യക്ഷേമകരവും സൎവ്വപ്രാണിഹിതവുമാണെന്നു ഞാൻ കരുതുന്നു.

# മൌണ്ട് എവറസ്റ്റിൻെറ പ്രതിഷേധം

(ഒരു ഹാസ്യഭാവന)

[ഉദ്ധവൻ]

മൌണ്ട് എവറസ്റ്റിൻെറ സമീപത്തുള്ള, ഏതെങ്കിലും ഒരു പ്രക്ഷേപണകേന്ദ്രത്തിൽനിന്നു്, ഇപ്രകാരം ഒരു പ്രതിഷേധപ്രഖ്യാപനം പുറപ്പെട്ടേക്കാമെന്നു സങ്കല്പിക്കപ്പെടുന്നു. എവറസ്റ്റ് കൊടുമുടിതന്നെയാണ് പ്രക്ഷേപണം ചെയ്യുന്നതായി ഭാവനചെയ്യപ്പെട്ടിട്ടുള്ളതു്.

അപ്രാപ്യവും, അപ്രതിഹതവുമായിരുന്ന നമ്മുടെ വിശ്വോത്തരമായ ഔന്നത്യം, അസംപ്രേക്ഷ്യകാരികളും അഹങ്കാര ജടിലമാനസന്മാരുമായവരുടെ അസൂയക്കു വിഷയമായിട്ടു, ശതാബ്ദങ്ങൾ തന്നെ കഴിഞ്ഞിട്ടുണ്ടെങ്കിലും, ഇപ്പോഴാണ്, മനുഷ്യൻ അവകാശപ്പെടുന്നതു്, അവൻ നമ്മെ പരാജയപ്പെടുത്തി, നമ്മുടെ തലക്കിട്ടു ചവുട്ടി, അവിടെ കൊടിപറപ്പിച്ചു, പൊടിപൊടിച്ചു എന്നു!! അതു്, അത്രയും, അസത്യവും, അടിസ്ഥാനരഹിതവും, അസംഭാവ്യവുമാണെന്നു കാലെകൂടിതന്നെ ലോകത്തെ ധരിപ്പിക്കുവാൻ പർവ്വതരാജനായ നാം ആഗ്രഹിക്കുന്നു. നമ്മുടെ തലയ്ക്കു ചവുട്ടിയെന്നഭിമാനപ്പെടുന്ന "മലകേറി"കളെ ലോകം മാനിക്കുന്നതും, അനുമോദിക്കുന്നതും, അവരെ ആ കയററത്തിന്നു് ആദരിച്ചു നമസ്കരിക്കുന്നതും കാണുമ്പോൾ, സൃഷ്ടിയുടെതന്നെ പരമോദ്ദേശം, ആ പർവ്വതാരോഹണക്കാർ മുഖേന, സാധിച്ചിരിക്കുന്നതായും മാനുഷിക സംസ്കാരത്തെ നമ്മുടെ കൊടുമുടിയോളം ഉയത്തിക്കഴിഞ്ഞിട്ടുള്ളതായും, എന്നു മാത്രമല്ല, ലോകത്തിൻെറ ശാന്തിസമാധാനങ്ങളും ശാശ്വതൈശ്വര്യസമ്പൂത്തികളും അതോടുകൂടി സമ്പാദിക്കപ്പെട്ടുകഴിഞ്ഞതായും, ലോകം ധരിക്കുകയോ ഉറപ്പിക്കുകയോ ചെയ്തിരിക്കുന്നതായി നാം സംശയിക്കുന്നു. അതു് അബദ്ധവും, അത്ഥരഹിതവും മാത്രമല്ല, അനർത്ഥകാരണം കൂടിയാണെന്നു, നാം ലോകത്തിന്നു് ഒരു താക്കീതും, മുന്നറിയിപ്പും നൽകുന്നു. അന്തമില്ലായ്മയാണ് അന്തസ്സെങ്കിൽ, അന്ധതയാണ് ആദരണീയമെങ്കിൽ വിഡ്ഢികളായ മനുഷ്യരുടെ വങ്കത്തത്തെക്കുറിച്ചു നമുക്കൊന്നും പറയാനില്ല. "ശാന്തം പാപം" എന്നു പ്രാത്ഥിക്കുകമാത്രം ചെയ്യുന്നു. എന്നാൽ ഒരു പരമാ

ത്ഥം പരസ്യപ്പെടുത്താതെ നമുക്കു് നിവ്വാഹമില്ല. ആ കയററക്കാരാരും നമ്മുടെ അടുക്കൽ വരികപോലുമുണ്ടായിട്ടില്ല; എന്നിട്ടുവേണ്ടേ നമ്മേ പരാജയപ്പെടുത്തി കീഴടക്കി, തലയിൽ ചവുട്ടി അധീശത്വം സ്ഥാപിച്ചു എന്നു് അഹങ്കരിക്കുവാൻ! സംഗതികളും സംഭവങ്ങളും നിഷ്പക്ഷമായും, കൂലങ്കഷമായും പരിശോധിച്ചാൽ ആ "ജയവിജയന്മാ"രുടെ വാക്കുകളിൽനിന്നുപോലും അതു സ്പഷ്ടമാകുന്നതാണു്.

നൂററാണ്ടുകളായി നൂറുനൂറു മലകേറികൾക്കു് മനസ്സു മുട്ടിത്തിരിക്കുവാനും, ശ്വാസംമുട്ടി മരിക്കുവാനും പട്ടിണിക്കാരെ പുലത്തുവാൻ ഉപയോഗിക്കാമായിരുന്ന പണം ചാക്കുചാക്കായി ദ്രവ്യയം ചെയ്യുവാനും ജീവിതോദ്ധാരണത്തിന്നു പ്രയോജനപ്പെടുമായിരുന്ന പരിശ്രമങ്ങളെ കേവലം പവ്വതോദ്ധാരണത്തിന്നു മാത്രമായി ചിലവഴിക്കാനുമല്ലാതെ മറെറാരു നന്മക്കും ഉതകീട്ടില്ലാത്ത ഈ എവറസ്റ്റു് മലകയററം, ഇത്തവണ, ഇത്രക്ഷണത്തിൽ അതും, ആ ദിവവസംവരെ ഭയാശങ്കകളിൽ ആണ്ടുകിടന്നിരുന്ന ആ സംരംഭം സാധിച്ചു. ഏററവും വിജയപ്രദമായി സാധിച്ചു എന്നു പറയുമ്പോൾ ആ പറയുന്നതിനെ അങ്ങിനെതന്നെ വിശ്വസിക്കുന്നതു ബുദ്ധിപൂവ്വമല്ല. നാം അതിനെ നമ്മുടെ സവ്വശക്തികളും ഉപയോഗിച്ചു നിഷേധിക്കുകയും ചെയ്യുന്നു!

ആരാണു് നമ്മുടെ തലയ്ക്കു് ഒന്നാമതായി ചവുട്ടിയതു് എന്ന ചോദ്യത്തിന്നുള്ള മറുപടി, ചില പൊല്ലീസ്സുകേസ്സുകളിൽ കൂലിസ്സാക്ഷികൾ നൽകുന്ന മൊഴിപോലെയാണിരിക്കുന്നതു്! മാതാപിതാക്കന്മാർ ചിലപ്പോൾ, അവരുടെ ഓമനയായ സന്താനത്തോടു ചോദിക്കും. "കുട്ടിക്കു് ആരെയാണധികമിഷ്ടം, അച്ഛനേയോ, അമ്മയേയോ?" ബുദ്ധിയുള്ള ആ കുട്ടി ഉടനെ "വളയമില്ലാത്ത ഒരു ചാട്ടം" എനിക്കു രണ്ടാളേയും ഇഷ്ടമാണു് എന്നൊരു മറുപടികൊടുത്തു അച്ഛനമ്മമാരുടെ അനുമോദനത്തിന്നു് അഹനാകും. അതുപോലെയാണു് "ആരാണു് നമ്മുടെ തലയിൽ ആദ്യം ചവുട്ടിയതു?" എന്ന ചോദ്യത്തിന്നു് ആ മലകേറികൾ നൽകിയ മറുപടിയും "ഞങ്ങൾ രണ്ടാളും ഒന്നിച്ചു കയറി ഒരുമിച്ചു ചവുട്ടി" എന്നാണു്! അതു് അസംഭാവ്യവും അയഥാത്ഥവുമാണു്. പരമാത്ഥത്തിൽ—ആരെങ്കിലും അങ്ങിനെ കയറീട്ടുണ്ടെങ്കിൽ—ഒരാൾ ആദ്യമായി കയറിക്കാണണം. വണ്ടിയിൽനിന്നിറങ്ങുന്നതും കയറുന്നതും കൂടി, ഓരോരുത്തരായിട്ടായിരിക്കെ—അപ്രകാരമല്ലാതെ സാ

ഡ്യമല്ലാതിരിക്കെ—ഇത്രയും സമുന്നതവും സമതലരഹിതവുമായിരിക്കുന്ന നമ്മുടെ തലയിൽ രണ്ടാൾ ഒന്നിച്ചുകയറി എന്നു പറയുന്നതേ അബദ്ധം!" ഞാനാണെന്നു പറഞ്ഞാൽ മററെ ആൾ നിഷേധിക്കും "എന്ന പതനത്തിൽ അവർ രണ്ടുപേരും കൂടി ഒരു പരസ്പര ധാരണയോടുകൂടി നിരൂപിച്ചുനിശ്ചയിച്ചതാണ്, രണ്ടാളും ഒപ്പം കയറി" എന്ന മറുപടി!

കയറിവന്നു, കാലുകൊണ്ടു നമ്മുടെ നിറന്തലക്കു ചവുട്ടി എന്നു അഭിമാനപ്പെടുന്ന ആ "ചവിട്ടുകാർ", അക്കാര്യത്തിന്നു പ്രത്യേകിച്ചു വല്ലയോഗ്യതയും സമ്പാദിച്ചവരാണെന്നു നമുക്കു പക്ഷമില്ല. അവരിൽ നാട്ടുകാരനായ "ടാൻസിംഗ്", ഇതിന്നുമുമ്പു പലരുടെയും "ഭാണ്ഡക്കാരനാ"യി, ഈ പ്രദേശങ്ങളിൽ പററിക്കൂടി, പരുങ്ങിക്കഴിഞ്ഞിട്ടുള്ള ഒരു കൂലിക്കാരൻ മാത്രമാണെന്നാണു നാം ധരിച്ചിരിക്കുന്നതു്. "ഒപ്പം കേറി" എന്നു പറയുന്ന കൂട്ടുകാരൻെറ കഥ, നമ്മുടെ അന്വേഷണത്തിൽ, അതിലുമധികം ആരാധ്യമോ, അനുസ്മരണീയമോ അല്ല. നമുക്കു തോന്നുന്നതു് അവർ രണ്ടുപേരുംകൂടി, വഴിക്കു് വെച്ചുണ്ടായ ഒരു കൂട്ടുകെട്ടിൻെറ ഫലമായി, ദീർഘദൃഷ്ടിയോടുകൂടി ചെയ്ത ഒരു പ്രഖ്യാപനം മാത്രമായിരിക്കണം, ഈ "എവറസ്റ്റു വിജയം". അല്ലാതെ, നമ്മെ ആരും ജയിച്ചിട്ടുമില്ല. നാം ആരാലും പരാജിതനുമല്ല. "പള്ളീലെ കാര്യം അള്ളാവിന്നറിയാം' എന്നു നിങ്ങളുടെ രാജ്യത്തു ചിലർ പറയാറുള്ളതുപോലെ, എവറസ്റ്റിൻെറ കാര്യം നമുക്കു മാത്രമറിയാം. നമ്മെക്കണ്ടു എന്നും, കെട്ടിയിട്ടു എന്നും ചവുട്ടിത്താഴ്ത്തി എന്നും പറഞ്ഞാൽ അതു നേരാണോ എന്നു നോക്കുവാൻ മററാർക്കും സാധിക്കില്ലെന്നു നിശ്ചയമുള്ള ആ വീരന്മാർ. അവരുടെ "പ്ലാനിംഗ്" അനുസരിച്ചു് "എവറസ്റ്റു വിജയം" പ്രഖ്യാപിച്ചുകൊണ്ടു്, താഴത്തിറങ്ങി, മേലോട്ടുനോക്കി പകച്ചുനില്ക്കുന്ന ലോകത്തെ പററിച്ചു എന്നു പറയുവാൻതന്നെ നാം ധൈര്യപ്പെടുന്നു. "കേട്ടപാതി, കേൾക്കാത്തപാതി" അതങ്ങിനെതന്നെ വിശ്വസിച്ചു നിങ്ങൾ "വിഡ്ഢികളുടെ സ്വൎഗ്ഗ"ത്തിലുള്ളവരാകരുതെന്നു നാം സ്നേഹബുദ്ധ്യാ ഉപദേശിക്കുന്നു.

ച്ഛായാപടങ്ങളെക്കൊണ്ടു പൊതുജനങ്ങളെ പററിക്കുന്ന ഏർപ്പാടു നിങ്ങളുടെ ലോകത്തിൽ, ഇയ്യിടെ വളരെയധികം പ്രചാരപ്പെട്ടിട്ടുണ്ടെന്നു നാം ധരിച്ചുവെച്ചിട്ടുണ്ടു്. അതൊരു വിദ്യ മാത്രമാണ്. എന്തിൻെറയെങ്കിലും ച്ഛായയെടുക്കും അതിൻെറ ചുവട്ടിൽ ആവശ്യമുള്ളതിൻെറ വിവരണവും ചേർക്കും! അതൊരുനല്ല "കലാവിദ്യ"

യായിതീൎന്നിട്ടുണ്ടു്. അവരുടെ ചാതുൎയ്യത്തെ നാം അഭിനന്ദിക്കുന്നതോടൊപ്പം അതിലെ കാപട്യത്തേയും ദുഷ്പ്രചരണസമ്പ്രദായത്തെയും നിന്ദിക്കുകയുംചെയ്യുന്നു. നമ്മുടെ ശരിയായച്ഛായ ഇതുവരെ ആരും എടുത്തിട്ടില്ല. നാം അതിന്നു് ആരേയും അനുവദിച്ചിട്ടുമില്ല. അന്യരാജ്യങ്ങളിലെ പ്രധാനപ്പെട്ട സ്ഥലങ്ങളുടെയെല്ലാം "ഫോട്ടോ" എടുക്കുന്നതു, തന്ത്രപ്രധാനമായ ഒരു കാൎയ്യമാണു്. അമേരിക്കക്കാർ ഓരോ കാരണംപറഞ്ഞു നേരമ്പോക്കെന്നമട്ടിൽ ഇന്ത്യയിലെ മുക്കും മൂലയുംകൂടി അവരുടെ ഛായാപുസ്തകത്തിലാക്കിക്കഴിഞ്ഞു! അതുപോലെയൊന്നും നമ്മുടെ രാജ്യത്തിന്റെ ഛായാഗ്രഹണത്തിന്നു് അനുമതിനല്കാറില്ല. അതുകൊണ്ടു "ഫോട്ടോ കണ്ടു ഭ്രമിച്ചു" ചില കല്ല്യാണക്കൊതിയന്മാൎക്കു പററാറുള്ളതുപോലെയൊന്നും നിങ്ങൾക്കു പററാതിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കണം. പ്രത്യേകിച്ചും നമ്മുടെ ഹിമാലയത്തിൽ ഏതു ഭാഗത്തിന്റെ ഫോട്ടോവും മിക്കവാറും ഒരുപോലെ ഇരിക്കുന്നതുകൊണ്ടു് "എവറസ്റ്റിന്റെ ഫോട്ടോ" എന്നു പറഞ്ഞു വല്ല ഫോട്ടോവും കാണിച്ചു കബളിപ്പിക്കുവാനും എളുപ്പമാണു്".

നമ്മുടെ ശിരസ്സിൽ അവർ "കൊടിനാട്ടി കൎമ്മം" നിൎവ്വഹിച്ചു എന്നു പറയുന്നതുകേട്ടപ്പോൾ നമുക്കു ചിരിവന്നുപോയി! നാം തല തപ്പിനോക്കി! അവിടെ കൊടിയുമില്ല മുടിയുമില്ല! ആ മഞ്ഞുകിരീടത്തിന്നു് ഒരു ചലനംപോലും സംഭവിച്ചിട്ടില്ല, ഒരു കീറത്തുണിയുടെ തുണ്ടുപോലും ഇവിടെയെങ്ങും കാണുന്നുമില്ല. "ആ കൊടിയുടെ കഥ"തന്നെ കഷ്ടമായിതോന്നുന്നു. അവിടെ എത്തുമെന്നു് അവരാരും സ്വപ്നേപി വിചാരിച്ചിരുന്നതല്ല; വരുമ്പോൾതന്നെ കൊടികളും, വടികളും കൊണ്ടുവരുന്നതിന്നു!! ആരു് ഏതു കൊടി നാട്ടണമെന്നു തീൎച്ചപ്പെടുത്തുവാനുള്ള സന്ദൎഭവും സമാഗതമായിരുന്നില്ല. ഏതു കൊടിയാണു നാട്ടിയതെന്നു് ഇന്നു് ആ "കൊടി വീരന്മാൎക്കും" ഒരു തീൎച്ചയുമില്ല! ടിബററിന്റെയോ നീപ്പോളിന്റെയോ ഇംഗ്ലാണ്ടിന്റെയോ ഐക്യരാഷ്ട്രത്തിന്റെയൊ ഇന്ത്യയുടെയോ പാക്കിസ്ഥാന്റെയൊ ആരുടെ കൊടിയാണു പറപ്പിച്ചതു്? തക്കം വന്നപ്പോൾ പറപ്പിച്ചതു് ഒരു "കൂട്ടക്കൊടി"യായി! ആരുടെയൊക്കെ കൊടി പറപ്പിക്കണം അവരുടെയൊക്കെ കൊടി പറപ്പിച്ചു!! ഇന്ത്യക്കാരനല്ലെന്നുകൂടി ഒരവസരത്തിൽ ഉറപ്പായി പ്രസ്താവിച്ച "ടാൻസിംഗി"ന്റെ സഞ്ചിക്കകത്തു്, അവസരംവന്നപ്പോൾ ഒരു ഇന്ത്യൻ പതാക പാമ്പാട്ടിയുടെ കൂടയിലെ സൎപ്പത്തെപ്പോലെ, പതിഞ്ഞു

ചുളിഞ്ഞു കിടക്കുന്നു! അവരുടെ "കൊടിക്കഥ" കേട്ടാൽ കൊടിയുടെ കാര്യംതന്നെ താഴെവന്നപ്പോഴാണു് അവക്കു് ഓർമ്മയുണ്ടായതെന്നു സംശയിക്കണം. ചുരുക്കത്തിൽ ഒരു "കൊടികുത്തലും" ഉണ്ടായില്ലെന്നു സ്പഷ്ടം.

ഈ കൊടുമുടിക്കയററത്തിന്റെ കാര്യത്തിൽ എല്ലാവശത്തുമുണ്ടു്. ഏതു സംഗതിയിലുമുണ്ടു്, തർക്കവും, അനിശ്ചിതാവസ്ഥയും. എന്നാണവർ—ആരെങ്കിലുമാവട്ടെ—നമ്മുടെ "തലയിൽ കയറിയ"തു്? തീയതിത്തർക്കവും, സമയത്തർക്കവും, അനുഭവത്തർക്കവും, ഒരു കാലത്തും അവസാനിക്കാത്ത വിധത്തിൽ വികൃതങ്ങളും വിചിത്രങ്ങളുമാകുന്നു. കയറിക്കഴിഞ്ഞിട്ടു്, ആർ എന്തു പ്രവൃത്തിച്ചു എന്നതിലും തർക്കം തന്നെ! ബ്രാണ്ടിക്കുപ്പി പൊട്ടിച്ചു എന്നൊരാൾ, സിഗററു വലിച്ചു എന്നു മറേറ ആൾ; ചായ കാച്ചിക്കുടിച്ചു എന്നൊരിക്കൽ ബിസ്കററു കടിച്ചു ചവച്ചു എന്നു മറെറാരിക്കൽ! ഇവയൊക്കെയുണ്ടായി എന്നു കൊടിക്കാര്യത്തിൽ എന്നപോലെ ഒരു "കൂട്ടവെടി" ഒടുവിലും അല്പം സമയം മാത്രമാണവിടെനിന്നതെന്നു ഒരിക്കൽ പറയും കുറച്ചധികനേരം അവിടെ സസുഖം വിശ്രമിച്ചു എന്നു പിന്നെപ്പറയും. ഇരിപ്പു ദുസ്സഹമായിരുന്നു എന്നൊരാൾ പറയും. അതു അത്യന്തം സുഖാവഹമായിരുന്നു എന്നു മറേറ ആൾ പറയും. അവിടെ ഒന്നും കണ്ടില്ലെന്നു ചിലപ്പോൾ കാഞ്ചനഗരുഡനെക്കണ്ടു എന്നു മററു ചിലപ്പോൾ ഹിമമനുഷ്യനെ കണ്ടില്ലെന്നു ഒരിക്കൽ അവന്റെ അടിയോ മുടിയോ കണ്ടു എന്നു പിന്നെ ചിലപ്പോൾ!

കയററം കഴിഞ്ഞതിനുശേഷം ആ സംഗതി പുറത്തുവിടാൻ കാത്തിരുന്ന കഥയും അതിന്നു പറയുന്ന കാരണവുമാണു് ഏററവും വിചിത്രമായിരിക്കുന്നതു്. എലിസബേത്തു രാജ്ഞിയുടെ ശിരസ്സിൽ സാമ്രാജ്യകിരീടം വെക്കുന്നതും നമ്മുടെ നിറന്തലക്കൽ ബൂട്ട്സിട്ടു ചവിട്ടുന്നതും, ഒരു മുഹൂർത്തത്തിൽ വേണമത്രെ! അത്രക്കു സമയം നിശ്ചയിച്ചായിരുന്നു എവറസ്റ്റാരോഹണം. എവറസ്റ്റാരോഹണവിജയവാർത്ത ആദ്യമായി ആ മഹാറാണി അറിയണം! എന്തിനാണു്! ആ സാധ്വി ഹിമവാന്റെ പുത്രിയാണോ നമ്മുടെ പേരക്കിടാവാണോ? അവക്കെന്താണൊരു പ്രത്യേകാവകാശം? ടാൻസിംഗിന്നു ആ രാജ്ഞിയോടു വല്ല വിശേഷ കടപ്പാടുമുണ്ടായിരുന്നുവോ ഇംഗ്ലണ്ടിന്നു ഇന്ത്യയോടുള്ള ബന്ധംപോലും വിച്ഛേദിക്കപ്പെട്ടിരിക്കെ നമ്മുടെ നേരെ ബഹുമാന്യമായ ഈ മര്യാദഭ്രഷ്ടി എങ്ങിനെ സംഭവിച്ചു."

സംഭവവിവരണങ്ങളെല്ലാം യഥാക്രമംവെച്ചു നോക്കുമ്പോൾ, നമുക്കു ബോദ്ധ്യമായിരിക്കുന്നു. ഇത്തവണത്തെ ആരോഹണവിജയകഥ, ഒരു കഥയുമില്ലാത്ത ഒരു കടംകഥ മാത്രമാണെന്നു. ഗൌരീശങ്കരന്മാർ—എവറസ്റ്റിലെ കുടികിടപ്പുകാർ—ചിലപ്പോൾ കിരാതവേഷധാരികളായി, പന്നി എയ്യാൻ കാട്ടുകളിലേക്കു എറങ്ങിപോകാറുണ്ടെങ്കിലും നാമെപ്പോഴും സ്ഥലത്തുണ്ടാകാറുണ്ടു്. ഗൌരീശങ്കരന്മാരെ കണ്ടില്ലെങ്കിലും അവർ കിടക്കാറുള്ള കീറപ്പായയും പാളത്തലോണയും അവർ മാററിവെക്കാറില്ലാത്തതുകൊണ്ടു ആ കയററക്കാർ അങ്ങിനെ വല്ലതുമെങ്കിലും അവിടെ കാണേണ്ടതായിരുന്നു. അവരുടെ ചട്ടി കലങ്ങൾ ഇന്നും അവിടെതന്നെ ഇരിപ്പുണ്ടു്. അതൊന്നും അവർ കണ്ടില്ല! കയറിച്ചെന്നെങ്കിലല്ലേ കാണത്തുള്ളു.

ടെൻസിംഗും ഹിലാരിയുംകൂടി ലോകത്തെ മുഴുവൻ "ആനകളിപ്പിക്കുക"യാണ്. കബളിപ്പിക്കുകയാണ്? എന്തിനാണെന്നു ഇതിനകം സ്പഷ്ടമായിരിക്കുന്നു. എന്താകഥ! ടാൻസിംഗ് ഇന്നു ആരാണ്? എവിടെ നില്ക്കുന്നു? എവറസ്റ്റിനേക്കാൾ ഔന്നത്യത്തിൽ കുബേരനേക്കാൾ സമ്പൽസമൃദ്ധിയിൽ ബൃഹസ്പതിയേക്കാൾ ജ്ഞാനപുഷ്ടിയിൽ മദനനേക്കാൾ സൌന്ദര്യധോരണിയിൽ എഴുത്തറിയില്ലെങ്കിലും കയ്യൊപ്പുകൊടുക്കുന്നു ഗ്രാമഫോൺ പ്ലേററു എടുക്കുന്നു. റേഡിയോ പ്രസംഗം ചെയ്യുന്നു. മന്ത്രിസഭയിലിരിക്കുന്നു രാജകീയാതിഥിയാകുന്നു എന്റെ ശിവശങ്കര ഒന്നും പറയാനില്ല. എന്തുണ്ടായി? പറയുന്നതൊക്കെ നേരാണെങ്കിൽതന്നെ ഒരു കുന്നിന്റെ മുകളിൽ പൊത്തിപ്പിടിച്ചുകയറി കാലഗുണംകൊണ്ടു കാലുതെററി വീണു തല പൊളിഞ്ഞു ചത്തില്ല. അതിനിടക്കു നാം ഒന്നു സമ്മതിക്കുന്നു. അമ്പാസിഡരാവാൻ ഇന്നു ഇന്ത്യയിൽ ടാൻസിംഗിനെക്കാൾ അർഹനായ ഒരാളില്ല. ലണ്ടനിൽവെച്ചു ഓരോരുത്തർ ഓരോന്നു ചോദിച്ചപ്പോൾ അതിന്നു പറഞ്ഞ നിർദ്ദോഷങ്ങളും വിദ്വേഷരഹിതങ്ങളുമായ ഉത്തരങ്ങൾ നാം ആ പറഞ്ഞതിനെ പിന്താങ്ങുന്നുണ്ടു്. അത്രമാത്രം ഇനി കുറെ കാലത്തേക്കു സർവ്വകലാശാലാ കോൺവോക്കേഷ്യൻ പ്രസംഗങ്ങളും അദ്ദേഹത്തിന്നു കുത്തകയായിരിക്കും! അമ്പാസിഡർസ്ഥാനം ഇപ്പോൾതന്നെ അദ്ദേഹത്തിന്റെ പിന്നിൽ പാട്ടുകിടന്നു തുടങ്ങീട്ടുണ്ടു്. അദ്ദേഹം വിവാഹിതനായതിൽ മനുഷ്യപ്പെണ്ണുങ്ങൾക്കുള്ള കണ്ണുകടി കുറച്ചൊന്നുമല്ല. ഇപ്പോൾതന്നെ ചിലരൊക്കെ ഭർത്താക്കന്മാർക്കും ആൺമക്കളും "ടെൻ" എന്ന ഓമനപ്പേരുകൊടുത്തു തുടങ്ങീട്ടുണ്ടു്! നമുക്കു അതിലൊ

നും അസൂയയില്ല. അതൊക്കെ "മനുഷ്യക്കാൎയ്യം" നമ്മുടെ തലയിൽ ചവുട്ടി എന്നതു മാത്രം നാം സമ്മതിക്കുന്നില്ല.

---

(ടെൻസിങ്ങും, ഹിലാരിയും നേടിയതായഭിമാനിക്കുന്ന എവറസ്റ്റ് വിജയം 1924-ൽ തന്നോടൊപ്പം എവറസ്റ്റ് ആരോഹണത്തിനു പുറപ്പെട്ടു മൃതിയടഞ്ഞ വി. മലോറി എന്നാൾ—29 വൎഷങ്ങൾക്കു മുമ്പുതന്നെ—സാധിച്ചിട്ടുണ്ടെന്നു സുപ്രസിദ്ധ ഡാക്ടർ സോമർവെൽ അഭിപ്രായപ്പെടുന്നുണ്ട്.)

# വിദ്യാൎത്ഥിപംക്തി

## ഭക്തി

(* എ. കെ. രാധ. വി. ജി. എച്ച്. എസ്. ചിററൂര്)

ഭക്തിമാൎഗ്ഗേണ ചെയ്യും മൎത്ത്യനപ്രയാസേന
മുക്തിയും സിദ്ധിച്ചീടുമില്ല സംശയമേതും
ഭക്തിഹീനന്മാൎക്കു കൎമ്മവും നിഷ്ഫലം

—തുഞ്ചത്തെഴുത്തച്ഛൻ—

പ്രാഥമമായി ഹൃദയത്തിൽ അങ്കുരിച്ച സ്നേഹസീമയെ ഉല്ലംഘിക്കുമ്പോൾ ഭക്തിയായി പരിണമിക്കുന്നു. ഭക്തിയുടെ ഉല്പത്തി സ്നേഹരൂപത്തിലാണ്. സ്നേഹം പ്രേമമായിത്തീരുന്നു; പ്രേമം കാലക്രമത്തിൽ ഭക്തിയായും രൂപാന്തരപ്പെടുന്നു. ഇങ്ങനെയാണ് ഭക്തിയുടെ പ്രാദുൎഭാവം; ഇതുതന്നെയാണ് "വിശേഷോ അനുരാഗോ ഭക്തി" എന്ന നിൎവ്വചനത്തിന്റെ അൎത്ഥവും.

ഭക്തിയുടെ വിവിധ അവാന്തര വിഭാഗങ്ങളിൽ ഏററവും പ്രാധാന്യമേറിയതാണ് ഈശ്വരഭക്തി. സൎവ്വശക്തനായ ഈശ്വരൻ വിശ്വംമുഴവൻ വ്യാപിച്ച് സ്ഥിതിചെയ്യുന്നു. "ഈശാവാസ്യമിദം സൎവ്വം" എന്നാണല്ലോ ഈശാവാസ്യ ഉപനിഷത്തു് ഘോഷിക്കുന്നതു്. ലോകത്തിലുള്ള സൃഷ്ടിസ്ഥിതിസംഹാരം നിൎവ്വഹിച്ചുകൊണ്ടു് അതിന്റെ ഭാസുര പ്രഭ ലോകമെങ്ങും വ്യാപിപ്പിച്ചുകൊണ്ടു് ഒരു മഹൽചൈതന്യം സ്ഥിതിചെയ്യുന്നു. അല്പദൃഷ്ടിയായ മനുഷ്യനു് അതിന്റെ ആദിയും അന്തവും അജ്ഞാതമാണ്.—

---

* ഒന്നാമത്തെ പ്രബന്ധമത്സരപരീക്ഷയിൽ L. S. ഒന്നാംസമ്മാനം വാങ്ങിച്ച ബാലിക.

ഉണ്ട്; ഒരു സാത്വീക തേജഃപുഞ്ജം മർത്ത്യലോകത്തിന്നു് അഗോചരമായി പല പല അത്ഭുതപ്രവൃത്തികളും നിർവ്വഹിച്ചുപോരുന്നു.

"പാരാവാരം കരേറിക്കരകൾ മുഴവനും
മുക്കിമൂടാത്തതെന്തോ!
താരാവൃന്ദങ്ങൾ തമ്മിൽ സ്വയമുരസിമറി-
ഞ്ഞത്ര വീഴാത്തതെന്തോ!
നേരായാരാഞ്ഞുനോക്കീടുക മഠമിയലും
മർത്ത്യരേ! നിങ്ങ,ളെന്നാ
ലാരാൽ കണ്ടെത്തുമെല്ലാററിനുമുപരിവിള—
ങ്ങുന്ന വിശ്വേശരൂപം".

വിശ്വയന്ത്രം മുഴവൻ പ്രവർത്തിച്ചുകൊണ്ടു് ഒരു ചൈതന്യം ബ്രഹ്മാണ്ഡപ്രവൃത്തികളെ നിയന്ത്രിക്കുന്നു. ലോകത്തിലുള്ള എല്ലാ പ്രകൃതിയും ആ വിശ്വവിശേഷരൂപത്തെ ആരാധിക്കുന്നു. അതിൻെറ പ്രഭാവം ആലോചനയ്ക്കും അതീതമാണു്. ഈ ജഗത്തിലെ സർവ്വചരാചരങ്ങളും ആ മഹിമയെത്തന്നെയാണു് ശ്ലാഘിക്കുന്നതു്. ബാലകൃഷ്ണപണിക്കർ വർണ്ണിക്കുന്നതു് നോക്കുക.

"ഈ മട്ടിൽ പൂനിലാപ്പുഞ്ചിരി വിതറി വിള-
ങ്ങുന്ന വെൺതിങ്കളും, വി-
ണ്ണാകെച്ചുററുന്ന താരാഗണവു, മുരുജവം
പൂണ്ടു വീശുന്ന കാററും
കല്ലോലത്തല്ലിനാലേ പടുപടഹമടി-
ക്കുന്ന വാരാശിതാനും
ചൊല്ലീടുന്നെന്തു സർവ്വേശ്വര മഹിമപുക
ഴ്ത്തുന്ന തൊന്നല്ലയെങ്കിൽ"

ഏതു സംസ്കൃതകാവ്യവും ആദ്യം തുടങ്ങുന്നതു് ഈശ്വരനെ വാഴ്ത്തിക്കൊണ്ടും അദ്ദേഹത്തിൻെറ അനുഗ്രഹം അഭ്യർത്ഥിച്ചുകൊണ്ടും ആണു്. കാളിദാസൻ രഘുവംശം ആരംഭിക്കുന്നതു് നോക്കുക.

"വാഗർത്ഥാവിവസംപൃക്തൌ
വാഗാർത്ഥ പ്രതിപത്തയെ
ജഗതഃപിതരൌ വന്ദേ
പാർവ്വതി പരമേശ്വരൌ"

ഈശ്വരഭക്തി മനുഷ്യൎക്കു് അത്യന്താപേക്ഷിതമാണു്. ഭക്തന്മാൎക്കെ ഭക്തിയുടെ അനിർവ്വാച്യ മാഹാത്മ്യം അറിയുവാനുള്ള ശക്തിയുള്ളൂ.

"സുഖകരമപരം നജാതു ജാനേ
ഹരിചരണ സ്മരണാമൃതേനമന്യം"

എന്നാണ് മുകുന്ദമാലയിൽ ഭക്തിശിരോമണികളിൽ ഒരുവനായ കുലശേഖരൻ പ്രഖ്യാപിക്കുന്നത്. ഈ ഭക്തി സ്ഥലിംഗമാണ്. മനുഷ്യനെ മൃഗത്തിൻനിന്നു വേർതിരിക്കുന്നതു്.

പിന്നത്തെ ഒരു വിഭാഗമാണ് ഗുരുഭക്തി—മുതിന്നവരോടുള്ള ഭക്തിയേയാണ് ഗുരുഭക്തി എന്നു പറയുന്നതു്.

"ഗുരു ബ്രഹ്മാ ഗുരുർ വിഷ്ണു
ഗുരു ദേവോ മഹേശ്വര:
ഗുരു രേവ ജഗത്സർവ്വം
തസ്മൈ ശ്രീ ഗുരവേനമ:"

ഈ ശ്ലോകത്തിൽ ഗുരുഭക്തിയുടെ പ്രാധാന്യം മുഴുവൻ അടങ്ങിയിരിക്കുന്നു. ഏതൊരു വിഷയവും ഗ്രഹിക്കുവാൻ ഒരു ഗുരു ഒഴിച്ചുകൂടാത്തതാണ്.

ഭക്തിയുടെ മറെറാരു വിഭാഗമാണ് മാതൃ പിതൃഭക്തി. നമ്മുടെ ജന്മഹേതുക്കളായ അച്ഛനേയും അമ്മയേയും പൂജിക്കേണ്ടതു് ഏതൊരാളുടേയും കടമയാണ്. "പിതാ പ്രത്യക്ഷ ദൈവതം" എന്നാണല്ലോ. നമ്മുടെ സംരക്ഷണത്തിന്നും, സകല സുഖങ്ങൾക്കും കാരണഭൂതരായ മാതാപിതാക്കന്മാരേ വന്ദിക്കുന്നതിൽപരം ശ്രേഷ്ഠമായ കൃത്യം വേറെ ഒന്നു ഇല്ലെന്നുതന്നെ പറയാം. ശ്രവണപിതൃഭക്തി സുപ്രസിദ്ധമാണ്.

ഇങ്ങിനെ ത്രിമുഖമായ ഭക്തി എല്ലവരിലും ജന്മനാ അങ്കുരിതമാണ്. അതിനെ പോഷിപ്പിച്ചു വികസിപ്പിക്കേണ്ട ചുമതല ഓരോരുത്തരുടേയും ചുമലുകളിൽ നിലകൊള്ളുന്നു. മനുഷ്യന്റെ പുരോഗതിക്കും അധഃപതനത്തിന്നും കാരണം അവൻ തന്നെയാണ്.

ദൈവദത്തമയേ ഭക്തിസ്ഥലിംഗത്തെ സശ്രദ്ധം പാലിച്ചുപോഷിപ്പിക്കേണ്ടതു് എല്ലവരുടേരും ചുമതലയാണ്.

വാതരോഗം പിടിപെട്ട നാരായണഭട്ടർ ഗുരുവായൂരിൽചെന്നു് ഭജനംചെയ്തു് രോഗബാധയിൽനിന്നു് വിമുക്തനായ കഥ കേൾക്കാത്തവരാരുണ്ടു്? അദ്ദേഹത്തിന്റെ മഹൽകൃതിയാണ് നാരായണീയം. ഭക്തിരസം കവിഞ്ഞൊഴുകുന്ന ശ്ലോകങ്ങളാണ് അതിൽ ഓരോന്നും.

ഭക്തിയുടെമഹിമ അവർണ്ണനീയമാണ്. ഭക്തിമൂലം അസാദ്ധ്യമായകാര്യങ്ങൾപോലും സുസാദ്ധ്യമായി ഭവിക്കുന്നു. ദിവംഗതനായ

സത്യവാനെ സാവിത്രി പാരണമൂലം വീണ്ടെടുത്തു. ഭഗവാൻ ഭക്തന്മാരുടെ അഭീഷ്ടദായകനാണ്. അദ്ദേഹത്തിൻെറ മഹിമ വിസ്മയാവഹംതന്നെ.

---

# മഹദ്വാക്യങ്ങൾ

## (ശ്രീരാമകൃഷ്ണൻ)

1. മനസ്സിനേയും ഹൃദയത്തേയും ശുദ്ധമാക്കുന്ന ജ്ഞാനം യാതൊന്നോ അതാണ് യഥാർത്ഥ ജ്ഞാനം.

2. ഈശ്വരൻ എല്ലാവരിലും ഉണ്ട്; എന്നാൽ എല്ലാവരും ഈശ്വരനിലില്ല. അതാണ് ദുഃഖത്തിനു കാരണം.

3. സമുദ്രം ചിലപ്പോൾ ശാന്തമായിരിക്കുന്നു; ചിലപ്പോൾ കോളിളകി മറിയുന്നു. അതുപോലെയാണ് ബ്രഹ്മവും മായയും, ശാന്തമായ സമുദ്രം ബ്രഹ്മം; അതിലെ കോളിളക്കം മായ.

4. അദ്ധ്യാത്മികമായ അഭിവൃദ്ധിയെ തടഞ്ഞുനിർത്തുന്ന കാമംതന്നെ മായ.

5. ഈശ്വരൻ മാത്രം സത്യം; ജഗത്തെല്ലാം മിത്ഥ്യം.

6. എണ്ണകൂടാതെ വിളക്കു എരിയുകയില്ല; അതുപോലെ ഈശ്വരൻ കൂടാതെ മനുഷ്യനും ജീവിക്കുകയില്ല.

7. ഗീതാ, ഗീതാ, ഗീതാ, എന്നു അതിവേഗം വളരെ തവണ ജപിച്ചു നോക്കുക. അപ്പോൾ അതിൽനിന്നു "ത്യാഗി, ത്യാഗി ത്യാഗി" എന്ന ശബ്ദം ധ്വനിക്കുന്നതു കേൾക്കാം. ഹേ! പ്രാപഞ്ചിക ജനങ്ങളേ! എല്ലാം ഈശ്വരന്നായി ത്യാഗംചെയ്തു് ഈശ്വരനെ മാത്രം സ്വീകരിക്കുന്നവരായി തീരുവിൻ എന്നാൽ നിങ്ങൾക്കു എല്ലാം ഉണ്ടു്; ഇല്ലെങ്കിൽ ഒന്നുമില്ല.

8. ഒരു ലുബ്ധൻ ധനത്തെ ആഗ്രഹിക്കുന്നതുപോലെ നിങ്ങളുടെ ഹൃദയം ഈശ്വരനെ ആഗ്രഹിക്കട്ടെ.

9. ഈശ്വരൻ സത്യസ്വരൂപനാണ്. അതിനാൽ സദാസമയത്തും സത്യം മാത്രം സംസാരിക്കുന്നവനല്ലാതെ ഈശ്വരനെ കാണുവാൻ സാധിക്കയില്ല.

10. ആത്മാഭിവൃദ്ധിക്കു സജ്ജനസംസർഗ്ഗം സർവ്വപ്രധാനമായ

സഹായമാണ്.

11. വിശ്വാസമുള്ളവന് എല്ലാം ഉണ്ട്; വിശ്വാസമില്ലാത്തവന ഒന്നും ഇല്ല.

12. നിരുത്സാഹവും വിപ്രതിപത്തിയും ഭയവും ഉള്ളേടത്ത് ഈശ്വരൻ ഇല്ല.

13. അന്യന്മാർ പ്രവൎത്തിക്കേണമെന്നു നിങ്ങൾ ഉപദേശിക്കുന്ന സംഗതികൾ നിങ്ങൾതന്നെ ആദ്യം പ്രവൎത്തിക്കുക.

14. അന്യന്മാർ നമസ്കരിക്കുന്നേടത്തു നീയും നമസ്കരിക്കണം; വിനീതഭാവം ഒരിക്കലും നിഷ്ഫലമാകയില്ല.

15. ഇന്ദ്രിയ വിഷയങ്ങളുമായുള്ള ബന്ധം എത്രമാത്രം കുറയുന്നുവോ അത്രയ്ക്കു കണ്ട് ഈശ്വരഭക്തി അധികരിക്കുന്നതാകുന്നു.

# കടംകഥകൾ

(കുട്ടിമ്മാൻ)

1. ചിറകില്ലാത്തവൻ പറന്നു. (ഉ. കാററ്)
2. കയ്യില്ലാത്തവൻ നീന്തി. (വഞ്ചി)
3. നാക്കില്ലാ മൃഗം പുല്ലുതിന്നു. (പാദം)
4. വയറില്ലാത്തോൻ കഞ്ഞികുടിച്ചു. (വസ്ത്രം)
5. ആൽത്തറ വയലിലെ വെള്ളം വററുമ്പോൾ പൂവ്വാലൻ പക്ഷിക്കു മരണം. (എണ്ണതീരുമ്പോൾ വിളക്കുകെട്ടുന്നതു്)
6. അമ്മ കല്ലിലുംമുള്ളിലും, മകൾ കല്യാണപന്തലിൽ(വാഴ)
7. കടലോട്ടു കടൽ ചുററിവരുന്ന ചെങ്കുപ്പായക്കാരൻ (സൂര്യൻ)
8. തടത്തിൽ കമ്മളേ കഴുത്തിൽ കൊച്ചു. (കുലച്ച വാഴ)
9. ആനക്കൊമ്പിൽ ഉണക്കലരി. (തെങ്ങിൻ പൂക്കുല)
10. കാട്ടിലെ ഉപ്പുശി കണ്ണെഴുതി. (കുന്നിക്കുരു)
11. ഒരമ്മപെററതെല്ലാം വെള്ളപട്ടാളം (ചിതല്)
12. ,, കറുത്തപട്ടാളം (കട്ടുറുമ്പ്)
13. ,, ചുവന്ന പട്ടാളം ചുവന്നുറുമ്പ്)
14. അടയ്ക്കാതൊണ്ടിലൊഴക്കരിവെച്ചു, മേനോൻ വീട്ടിലെ

മേനോനുണ്ടു, മേനോത്തി ഉണ്ടു. പന്ത്രണ്ടാന പടിഞ്ഞിരുന്നുണ്ടു. വേലിക്കലെ തത്ത ഞെളിഞ്ഞിരുന്നുണ്ടു. പിന്നെം കിടക്കണു കട്ട കട്ട ച്ചോറ് (ചുണ്ണാമ്പ്)

15. ഉരി അരിവെച്ചു കുരുകുരെ വെന്തു. ഉള്ളരി വാങ്ങി ഭഗവാനുണ്ടു പാർവ്വതി ഉണ്ടു ഗണപതി ഉണ്ടു. എന്നിട്ടും കിടക്കുന്നു ചെമ്പിൽ ചോറ് (ചുണ്ണാമ്പ്)

16. പച്ചപന്തലിട്ടു പതിനാറു തൊങ്ങലിട്ടു മുത്തുക്കുടപിടിച്ചു മുന്നുറുകായ പറിച്ചു. (കവുങ്ങ്)

17. മലയരികെ ഓടുന്ന മാൻകിടാവിൻെറ മണിശബ്ദംകേട്ടു ഭൂമിദേവിക്കു ഗർഭമുണ്ടായി. (കൂൺ)

18. ഇത്തിരിയുള്ളൊരു കിച്ചാണ്ടി വയറും കീറി ചത്താണ്ടി. (നെല്ല് വേവിക്കുക)

19. കണ്ണിൽപിടിക്കാത്ത കളവാണിപ്പെണ്ണിന് കണ്ണാടക സംഗീതവും കത്തിവെപ്പും. (കൊത്തു)

20. ചത്ത തവള തീററകൊടുത്തപ്പോൾ വായതുറന്നു. (മണിപെർസ്)

21. എല്ലുണ്ടതിന്നു തോലുണ്ടതിന്നു വഷം തടുപ്പാൻ കഴിവുണ്ടതിന്നു് (കുടിൽ)

22. വെള്ളം കുടിയൻ വല്ലാത്തവയറൻ നട്ടെല്ലപൊട്ടിയാൽ കുപ്പയിൽ വാസം. (മൺകുടം)

23. അകത്തിരുന്നു പുറത്തേക്കു കാൽ നീട്ടി (ഓവ്)

24. പുറത്തിരുന്നു അകത്തേക്കു കാൽ നീട്ടി (മൂക്കുത്തി)

25. മുറിച്ചാൽ മുളക്കും കുഴിച്ചിട്ടാൽ മുളക്കില്ല. ചുട്ടാൽ കരിയും വേവിച്ചാൽ വേവില്ല. (തലമുടി)

# വിദ്യാർത്ഥികളും ഗ്രന്ഥരചനയും

(ടി. കെ. രാമമേനോൻ)

ഏതു സാഹിത്യത്തിലും രചനയ്ക്കു സവിശേഷസ്ഥാനമുണ്ട്. രചന ശരിയാകാതെയോ ആകർഷകമാകാതെയോ വരുന്നുണ്ടെങ്കിൽ അതുകൊണ്ടുള്ള ദോഷം അത്തരം രചന ഉൾക്കൊള്ളുന്ന പ്രബന്ധമോ ഗ്രന്ഥമോ ആർക്കും വേണ്ടാത്ത വസ്തുവായി പരിണമിക്കും എന്നുള്ളതാണ്. ഗദ്യമായാലും പദ്യമായാലും രചന നന്നായിരിക്കണം. ചില കവിതകൾ നമ്മെ ഹഠാദാകർഷിക്കുന്നുണ്ടെങ്കിൽ അതിനു കാരണം അതിലെ ആശയ സൌഭാഗ്യമാണെന്നു ചിലർക്കൊക്കെ തോന്നാം. അങ്ങനെ തോന്നുന്നതിൽ യാഥാർത്ഥ്യം ഉണ്ടെന്നല്ലാതെ അതു തികച്ചും യഥാർത്ഥമെന്നു സമ്മതിക്കാൻ നിർവ്വാഹമില്ല. വാസ്തവത്തിൽ ആശയം എത്രതന്നെ മനോഹരമായിരുന്നാലും രചനാഗുണം ഇല്ലെങ്കിൽ ആ ആശയം മിക്കവാറും ഹൃദ്യമല്ലാതെ വരുന്നുണ്ട്. ഈ പരമാർത്ഥം വിദ്യാർത്ഥികൾ മനസ്സിലാക്കണം.

തേനീച്ചകൾ തേൻ ശേഖരിക്കുന്നതുപോലെ ജിജ്ഞാസുക്കൾ പല ഗ്രന്ഥപുഷ്പങ്ങളിൽനിന്നും സശ്രദ്ധം വിജ്ഞാനമധു സംഗ്രഹിക്കണം. അങ്ങനെ അവർ സംഭരിക്കുന്ന വിജ്ഞാനമധു സഹൃദയസമക്ഷം അർപ്പിക്കുവാൻ അവർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഉത്തമരചനയായിരിക്കണം അവർക്കു ആ വിഷയത്തിൽ മാർഗ്ഗദർശനം ചെയ്യേണ്ടതു്.

നാം എഴുതുന്നതു് ഏതു വിഷയത്തേയും കുറിച്ചാകാം; അതു എത്ര ചെറുതാക്കണമെങ്കിലും വലുതാക്കണമെങ്കിലും വിഷമമില്ല. പക്ഷേ അതല്ല കാര്യം. എഴുതുവാൻ പുറപ്പെടുന്നതിനു മുമ്പായി എഴുത്തുകാരൻ ഒരാത്മശോധന ചെയ്യുന്നതു് ഉത്തമമായിരിക്കും. നാം ഏതൊരു വിഷയത്തെ പരാമർശിച്ചെഴുതാൻ തുടങ്ങുന്നുവോ, ആ വിഷയത്തെക്കുറിച്ചു നമുക്കു സർവ്വതോമുഖമായ ജ്ഞാനം ഉണ്ടായിരിക്കണം. രണ്ടാമതായി വേണ്ടതു നമുക്കുള്ള അറിവു വായനക്കാർക്കു വ്യക്തമായി ഗ്രഹിക്കാൻ സംഗതിയാകണം. അതേ സമയത്തു തന്നെ നമുക്കവരെ ആകർഷിക്കുവാനും സാധിക്കണം. പദദാരിദ്ര്യമായിരിക്കും പലപ്പോഴും എഴുത്തുകാരനെ വിഷമിപ്പിക്കുക. പദപരിചയക്കുറവാണിതിനു കാരണം. നല്ലൊരു രചനയ്ക്കു പദദാരിദ്ര്യം ഒരു ശാപമാണ്. പ്രചാരലുപ്തങ്ങളോ, ആശയപ്രകടനത്തിനു തി

കച്ചും പര്യാപ്തമാകാത്തവയോ, ദേശ്യങ്ങളോ ആയ പദങ്ങൾ പ്രയോഗിച്ചു ഒരാൾക്കും ഉത്തമരചന പ്രകാശിപ്പിക്കാൻ കഴിവില്ല. എഴുത്തുകാരൻ ഉപയോഗിക്കുന്ന ഓരോ പദത്തിനും എത്രത്തോളം അർത്ഥവ്യാപ്തിയുണ്ടെന്നും ഏതർത്ഥത്തിൽ മാത്രമാണ് അതിനു സ്ഥാനം കല്പിക്കാവുന്നതെന്നും അയാൾ മനസ്സിലാക്കണം. അത്രയും കൊണ്ടായില്ല, നമ്മുടെ ശരീരത്തിൽ ഓരോ അവയവത്തിനും നിർദ്ദിഷ്ടസ്ഥാനമുള്ളതുപോലെ നാമെഴുതുന്ന വാക്യത്തിലും പദങ്ങൾക്കു സമുചിതസ്ഥാനങ്ങളുണ്ടായിരിക്കും. കുറെ പദങ്ങൾ നമ്മുടെ കൈവശമുണ്ട്; ഏതാനും ആശയവും സ്വാധീനത്തിലുണ്ട്. ഇത്രയും കൊണ്ടുമാത്രം ആർക്കും നല്ലൊരെഴുത്തുകാരനാകാൻ സാധിക്കയില്ല.

നമുക്കറിവില്ലാത്ത വിഷയങ്ങളെക്കുറിച്ചു എന്തെങ്കിലും എഴുതുവാൻ തുനിയരുതു്. മററുള്ളവരുടെ മുമ്പിൽ സർവ്വജ്ഞത പ്രകടിപ്പിക്കണമെന്നുള്ള ഒരു പ്രചോദനം ചിലപ്പോൾ നമ്മളിൽ ചിലരെക്കൊണ്ടു് അവർ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത വിഷയങ്ങളെപ്പററി പലതും എഴുതിച്ചു എന്നുവരാം. വാസ്തവത്തിൽ ഇതൊരാത്മവഞ്ചനയാണു്. മാത്രമോ, അറിവുള്ള വായനക്കാർ നമ്മുടെ കഥയില്ലായ്മ പരസ്യമാക്കാതിരിക്കയില്ല.

അറിവുള്ള വിഷയത്തെക്കുറിച്ചാണു നാം എഴുതാൻ ഉദ്ദേശിക്കുന്നതെന്നു വിചാരിക്കുക. അപ്പോഴും ചില മുൻകരുതലുകൾ നമുക്കുണ്ടായിരിക്കണം. ഒരു ചിത്രകാരൻ, അദ്ദേഹമെഴുതുന്ന ചിത്രത്തിൽ, എല്ലാ ഭാഗവും പ്രകാശിപ്പിയ്ക്കുന്നില്ല. ഏതുഭാഗം വരച്ചാൽ മററുചിലഭാഗം കാണികൾ ഊഹിച്ചറിയുമോ, അതുപോലെ പ്രബന്ധകാരനും, അയാൾക്കറിവുള്ളതൊക്കെ വിവരിക്കുന്നതു അനാവശ്യമായിരിക്കും. വിഷയങ്ങളുടെ ഏതേതംശങ്ങൾ വിവരിക്കണമെന്നും ഏതേതംശങ്ങൾ അനുവാചകന്മാരുടെ സങ്കല്പത്തിനു വിട്ടുകൊടുക്കണമെന്നും എഴുതുന്നവൻ അറിഞ്ഞിരിക്കണം. നാം പ്രതിപാദിക്കുന്ന വിഷയം ഏതായിരുന്നാലും, അനുവാചകർക്കതിന്റെ സാക്ഷാത്തായ പ്രകൃതിപ്രബന്ധത്തിലൂടെ ഗ്രഹിക്കാനിടയാകണം.

നാം എഴുതുന്ന ഒരു പ്രബന്ധത്തെ അഥവാ ഒരു ഗ്രന്ഥത്തെക്കുറിച്ചു നമുക്കുതന്നെ നല്ലൊരഭിപ്രായമുണ്ടാകുന്നുണ്ടോ എന്നു പരിശോധിക്കുന്നതു നന്നായിരിക്കും. നമ്മെ തൃപ്തിപ്പെടുത്താത്ത ഒന്നു്, മററുള്ളവർക്കു് സ്വീകാര്യമാകുമെന്നു നാം കരുതുന്നതു എങ്ങിനെ ശരിയാവാനാണു്? നാം രചിക്കുന്ന പ്രബന്ധം നമുക്കുപോലും അഭികാമ്യമാകുന്നില്ലെങ്കിൽ അതു ജനസമക്ഷം സമർപ്പിക്കാൻ ഒരിക്കലും മുതിരരുതു്. അത്തരം സന്ദർഭങ്ങളിൽ വേണ്ടതു നമ്മെ രസിപ്പിക്കാതിരുന്ന പ്രതിപാദ്യത്തിനുള്ള ന്യൂനതകൾ കണ്ടുപിടിച്ചു പരിഹരിക്കുകയായിരിക്കണം.

നല്ലൊരു സാഹിത്യകാരനാകണമെന്നു ആഗ്രഹമുള്ളവർ ആദ്യമായി വേണ്ടതു സാഹിത്യത്തിന്റെ പ്രാഥമിക പാഠമായ വസ്തുതത്വജ്ഞാനം സമാർജ്ജിക്കുകയും പ്രസ്തുത ജ്ഞാനം വിശിഷ്ടരചനവഴിയായി പ്രകടമാക്കുകയുമാണു്.

എത്രതന്നെ വസ്തുതത്വ ജ്ഞാനവും പദപരിചയവും പദപ്രയോഗസാമർത്ഥ്യവും ഉണ്ടായാലും കലാബോധം അയാൾക്കില്ലെങ്കിൽ അയാളുടെ ആ അറിവുകൾ ആകെ ആയഷ്കമാവുകയില്ല.

രചന ഒരു കലയാണെന്നും കലാഭംഗിയോടുകൂടി രചനസാധിക്കണമെന്നും രചയിതാവു സദാ ഓർക്കണം.

വിഷമംനിറഞ്ഞ സാഹചര്യങ്ങളും അപകടംനിറഞ്ഞ അനുഭവങ്ങളും തുറിച്ചുനോക്കിക്കൊണ്ടു നില്ക്കുമ്പോൾ സാവിത്രിയെ ഉപാസിക്കുന്നവർക്കു വിജയമുണ്ടാകണമെങ്കിൽ അവർ ചുററുപാടുകളിൽനിന്നു ഹൃദയത്തേയും മനസ്സിനേയും ആത്മാവിനേയും മോചിപ്പിച്ചു ആരോഗ്യപ്രദമായ ഒരന്തരീക്ഷത്തിൽ സ്ഥിതിചെയ്തു സാഹിത്യോപാസന നടത്തണം. എന്നാൽ നിശ്ചയമായും സാഹിതി അവർക്കു സർവ്വാഭീഷ്ടപ്രദമായിരിക്കും.

---

പ്രോത്സാഹനാർത്ഥം

# വിദ്യാലയത്തിൽ

(ടി. കെ. രാമൻകുട്ടി) V. F. K. T. M. H. S. മണ്ണാർക്കാട്ടു്

ഇന്നുഞാൻ വിദ്യാലയത്തിൽ,—ചാരു
മന്നിലെ സ്വർഗ്ഗാലയത്തിൽ
ജ്ഞാനാംബികാ കൊഞ്ചിയാടും—മുല്ല
പ്പൂവണിത്തൊട്ടിലിന്നുള്ളിൽ
തങ്കക്കിനാവിൻ നിലാവിൽ—നറും
മന്ദഹാസത്തിൻ കുളിരിൽ
ആശകൾമന്ദം വിരിയു—മൊരു
പേശലപ്പൂങ്കാവനത്തിൽ
ജീവിതാഹ്ലാദ പ്രതിഷ്ഠ—ചെയ്ത
പാവനപ്പൊന്നമ്പലത്തിൽ
സ്നേഹദീപങ്ങൾ ജ്വലിയ്ക്കും—ഗുരു
ദേവശ്രീ കോവിലിന്നുള്ളിൽ
ആനന്ദപ്പൈങ്കിളിച്ചാർത്തിൻ—കള
രാഗംപൊഴിയുംപൊൽത്തോപ്പിൽ

സംതൃപ്തിതൻ മണിമച്ചിൽ—ശാന്ത
ചിന്തയൊഴുകും പുഴയിൽ
ഭവ്യപ്രതീക്ഷതൻവാനിൽ—ആശ
പെയ്യുമാ കല്പകച്ചോട്ടിൽ
ആ മോദമോളം തുളുമ്പും—ചാരു
താമരപ്പൊയ്കയിലല്ലോ!

# സ്കൂൾ കുറിപ്പുകൾ

## Kollengode R. H. S. and R. T. S.

1. മേല്പടി സംയുക്ത സ്കൂളിലെ 60 തോളം വിദ്യാൎത്ഥികൾ, പുതുക്കോട്ട സൎവ്വജന ഹൈസ്കൂളിൽവെച്ച സാമൂഹ്യോൽക്കർഷപ ദ്ധതിക്കാരുടെ ആഭിമുഖ്യത്തിൽ 1953 ഒക്ടോബർ 13-ാംനു- മുതൽ 27-ാംനു-വരെ നടത്തിയിരുന്ന സാമുദായിക സേവനത്തിൽ പങ്കു വഹിച്ചിരുന്നു. നാലു് അദ്ധ്യാപകന്മാരും ഉണ്ടായിരുന്നു. 4 നാഴികയോളം കച്ചാറോഡ് ഇവരുടെ പരിശ്രമഫലമായി ഉണ്ടായിത്തീർന്നു. സേവനതാല്പൎയ്യത്തിൻെറ പ്രോത്സാഹനത്തിന്നുവേണ്ടി വിദ്യാൎത്ഥികൾക്കു അനുമോദനപത്രങ്ങളും സമ്മാനങ്ങളും ഒരു കപ്പും ലഭിച്ചു.

2. മേല്പടി സംയുക്ത സ്കൂളിലെ സോഷ്യൽ സൎവ്വീസ്സ് ലീഗിലെ അംഗങ്ങൾ നവമ്പർ 22-ാംനു- സ്ഥലം ലോക്കൽ ബോർഡ് ഡിസ്പെൻസറിക്കു ചുററുമുള്ള സ്ഥലങ്ങളെ ചെത്തി വൃത്തിയാക്കുകയും ഒന്നുരണ്ടു മൂത്രക്കുഴികൾ ഉണ്ടാക്കുകയും ചെയ്തു. ഈ പ്രവൎത്തനത്തെ ഉൽഘാടനം ചെയ്തതു് പാലക്കാട്ട പ്രൊജക്ട് ഓഫീസ്സർ ശ്രീമാൻ ബാലസുബ്രഹ്മണ്യം ഐ. എ. എസ്സ്. ആയിരുന്നു. ഇതിൽ പ്രധാന അദ്ധ്യാപകനും കുറെ അദ്ധ്യാപകന്മാരും പങ്കുകൊണ്ടിരുന്നതു് പ്രത്യേകം പ്രസ്താവ്യമാണു്.

3. ഒക്ടോബർ 30-ാംനു- മദിരാശി വിദ്യാഭ്യാസമന്ത്രി ശ്രീ സുബ്രഹ്മണ്യം ഈ വിദ്യാലയത്തെ സന്ദൎശിച്ചു. അദ്ധ്യാപക വിദ്യാൎത്ഥികളും, വിദ്യാൎത്ഥികളും വിദ്യാൎത്ഥിനികളും അദ്ധ്യാപികാദ്ധ്യാപകന്മാരും നിറഞ്ഞ ഒരു പൊതുയോഗത്തിൽവെച്ചു് മന്ത്രി സാരഗൎഭമായ ഒരു പ്രസംഗവും ചെയ്തു. തദവസരത്തിൽ സ്കൂൾ മാനേജർ വെങ്ങനാട്ടു വലിയതമ്പുരാൻ അവർകൾ അദ്ധ്യക്ഷനായിരുന്നു.